VOL. XI ISSUE 02 FEB. 2020 BELTHANGADY

## February : 2
### സമർപ്പിത ദിനം

**"To follow Jesus is not a decision taken once and for all, it is a daily choice...Otherwise, Jesus becomes only a nice memory of the past". (Pope Francis, 2 February, 2019)**



എല്ലാ സമർപ്പിതർക്കും, സമർപ്പിതദിനത്തിന്റെ
പ്രാർത്ഥനാശംസകൾ !!!

# UDAYADEEPA BELTHANGADY
## ಉದಯದೀಪ ಬೆಳ್ತಂಗಡಿ
## ഉദയദീപ ബെൾത്തംഗഡി

**Belthangady Diocesan Bulletin**

**Vol. XI** **Issue. 02** **February - 2020** **Page 64**

Annual Subscription: Rs. 140-00    Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439, 233975

## CONTENTS


| | | |
|---|---|---|
| 1. | Pastoral Letter No. 1 / 2020 : Bishop Lawrence Mukkuzhy | 5 |
| 2. | Circular 1/2020 : Bishop Lawrence Mukkuzhy | 11 |
| 3. | Circular 2/2020 : Bishop Lawrence Mukkuzhy | 13 |
| 4. | Message on World Day of Peace : Pope Francis | 15 |
| 5. | Circular : Holy Childhood Day | 26 |
| 6. | Circular : Cardinal George Mar Alencherry | 31 |
| 7. | Notifications from the Chancellery | 37 |
| 8. | Catechism Department News | 40 |
| 9. | Social Service Department | 46 |
| 10. | Family Apostolate | 51 |
| 11. | Youth Apostolate (SMYM) | 53 |
| 12. | Christus vivit : Pope Francis | 56 |
| 13. | Bishop's Diary | 62 |
| 14. | Programme of the Bishop | 63 |


Pastoral Letter No.1 / 2020



ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

**ലോറൻസ് മുക്കുഴി**

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനും നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

കർത്താവ് അരുളിചെയ്യുന്നു : "ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടുംകൂടെ നിങ്ങൾ പൂർണ്ണഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരിച്ചു വരുവിൻ" (ജോയൽ 2 : 12).

വന്ദ്യ സഹോദരരേ വത്സലമക്കളേ,

'അനുതപിച്ച് കർത്താവിന്റെ പക്കലേക്ക് തിരിയുവിൻ' എന്ന സന്ദേശവുമായി വലിയ നോമ്പ് വിണ്ടും സമാഗതമാവുകയാണ് ! പ്രാർത്ഥിക്കുവാനും ദൈവത്തോട് കൂടുതൽ അടുക്കുവാനും കൂടുതൽ വിശുദ്ധീകരിക്കപ്പെടുവാനും പാപങ്ങൾ ഉപേക്ഷിക്കുവാനും ദാനധർമ്മങ്ങൾ ചെയ്യുവാനും നമ്മുടെ കർത്താവ് തിരുസഭയിലൂടെ നമ്മുക്ക് കല്പ്പിച്ച് നല്കുന്ന വിശുദ്ധ നാളുകളാണിവ. എല്ലാവർക്കും അനുഗ്രഹപ്രദാമായ നോമ്പുകാലം ആശംസിക്കുന്നു.

എല്ലാവരും രക്ഷപ്രാപിച്ച് പിതാവിന്റെ പക്കൽ എത്തിചേരണമെന്നാണ് ദൈവപിതാവിന്റെ ആഗ്രഹം (1 തിമോത്തി 2 : 4). സന്തോഷകരമായ വാർത്ത ഈശോ നമ്മോട് പറഞ്ഞിട്ടുണ്ട് : "ഈ ചെറിയവരിൽ ഒരുവൻപോലും നശിച്ചുപോകാൻ എന്റെ സ്വർഗസ്ഥനായ പിതാവ് ഇഷ്ടപ്പെടുന്നില്ല" (മത്തായി 18 : 14). നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ആഗ്രഹം എല്ലാവരും രക്ഷപ്പടണമെന്നുള്ളതാണ്. എന്നാൽ ലോകം, പിശാച്, ശരീരം എന്നീ ത്രിവിധ ശത്രുക്കൾ നമ്മെ വശീകരിച്ചും, പ്രലോഭിപ്പിച്ചും ദൈവത്തിൽ നിന്ന് നമ്മെ അകറ്റുന്നു. തെറ്റുകളെ ശരി

യായും നുണയെ സത്യമായും പാപത്തെ പുണ്യമായും നമ്മുടെ മുമ്പിൽ അവതരിപ്പിച്ച് നമ്മെ വഴി പിഴപ്പിക്കുന്നു. ഈ കാരണത്താൽ അനേകർ അറിഞ്ഞും അറിയാതെയും ദൈവത്തിൽ നിന്ന് അകലുന്നു. ഈ പരമാർത്ഥം മനസ്സിലാക്കി ദൈവപിതാവ് തന്റെ പ്രിയ പുത്രനിലൂടെ രക്ഷക്കുള്ള മാർഗ്ഗം നമുക്ക് കാണിച്ചു തന്നു. ''ഇവൻ എന്റെ പ്രിയ പുത്രൻ ഇവന്റെ വാക്കു ശ്രവിക്കുവിൻ'' (മർകോ 9 : 8) എന്ന് പറഞ്ഞുകൊണ്ട് തന്റെ പുത്രനെ നമ്മുക്ക് മാതൃകയും അവിടുത്തെ വാക്കുകൾ നമ്മുടെ ജീവിത നിയമവുമാക്കി തന്നു. ദൈവപുത്രനായ മിശിഹായുടെ കല്പനയനുസരിച്ചും പരിശുദ്ധാത്മാവിനാൽ പ്രേരിതയായും തിരുസഭാമാതാവ് നാം മാമ്മോദീസാ വേളയിൽ എടുത്ത പ്രതിജ്ഞ തീവ്രമായി ജീവിക്കുവാനും പെസഹാ രഹസ്യം യോഗ്യതയോടെ ആഘോഷിക്കുവാൻ ഒരുങ്ങുവാനുംവേണ്ടി വലിയനോമ്പ് നമ്മുക്ക് വേർതിരിച്ച് തരുന്നു. തന്റെ മക്കൾ പാപത്തെയും പാപസാഹചര്യങ്ങളെയും തിരിച്ചറിഞ്ഞ് അവയിൽ നിന്ന് ഓടി അകലുവാനും ചെയ്തുപോയിട്ടുള്ള പാപങ്ങൾക്ക് പരിഹാരം ചെയ്തു വിശുദ്ധികരിക്കപ്പെടുവാനുംവേണ്ടിയുള്ള കാലമാണിത്.

പാപം ചെയ്യുന്നത് വഴി മനുഷ്യൻ ദൈത്തിൽ നിന്ന് അകലുന്നു. ''തിന്മ പ്രവർത്തിക്കുന്നവരിൽനിന്ന് അവിടുന്നു മുഖം തിരിച്ചിരിക്കുന്നു'' (1 പത്രോസ് 3 : 12) എന്നാണ് പരിശുദ്ധാത്മാവ് വി. പത്രോസ്ശ്ലീഹായിലൂടെ നമുക്കു വെളുപ്പെടുത്തി തരുന്നത്. ദൈവത്തിൽ നിന്ന് അകലുന്ന മനുഷ്യൻ സത്താന്റെ പിടിയിലാകുന്നു. പിന്നെ സാത്താൻ ചെയ്ത പ്രവർത്തികൾ അവൻ ചെയ്യുന്നു. ''സത്താൻ ആദിമുതൽ കൊലപാതകിയാണ്........... അവൻ നുണയനും നുണയുടെ പിതാവുമാണ്'' (യോഹ 8 :44). സകല ദുഷ്ടതയും തിന്മയും പാപി ചെയ്യുന്നതു വഴി വ്യക്തിജീവിതം താറുമാറാകുന്നു; കുടുംബ ജീവിതം തകരുന്നു; സമൂഹം തിന്മയിൽ മുഴുകുന്നു; ലോകത്തിൽ അന്ധകാരം നിറയുന്നു. ഇതിനൊക്കെ കാരണം പാപമാണ്. പാപത്തെ വേരോടെ പിഴുതെറിഞ്ഞാൽ മാത്രമേ മനുഷ്യന് നിലനിൽപ്പുള്ളു. പാപത്തിന്റെ മാലിന്യത്തിൽ നിന്ന് നമ്മെ രക്ഷിക്കുവാൻ വന്ന ഒരേ ഒരു വ്യക്തി കർത്താവായ ഈശോയാകുന്നു. ഈശോയെ ചൂണ്ടി കാണിച്ചുകൊണ്ട് സ്നാപകയോഹന്നാൻ ഇപ്രകാരം പറഞ്ഞു : ''ഇതാ ലോകത്തിന്റെ പാപം നിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്'' (യോഹ 1 :29). പാപികൾക്ക് ഏക ആശ്രയം രക്ഷകനായ മിശിഹായാണ്. കാരണം ''അവൻ നമ്മുടെ പാപങ്ങൾക്ക് പരിഹാര ബലിയാണ്; നമ്മുടെ മാത്രമല്ല ലോകമുഴുവ



ന്റെയും പാപങ്ങൾക്ക്'' (1 യോഹ 2 :2). മനുഷ്യൻ പാപത്തിലേയ്ക്ക് ചാഞ്ഞിരിക്കുന്നു. പലപ്പോഴും അവന്റെ ചിന്ത പാപത്തിൽ മുഴുകിയിരിക്കുന്നു (ഉത്പത്തി 6 :5). പലപ്പോഴും മനുഷ്യൻ പാപത്തിൽ നിന്ന് രക്ഷപ്പെടാൻ ആഗ്രഹിച്ചാലും സാധിക്കാത്ത സ്ഥിതിയാണുള്ളത്. വി. പൗലോസ്ശ്ലീഹാ പറയുന്നു : ''ഞാൻ പാപത്തിന് അടിമയായി വിൽക്കപ്പെട്ട ജഡികനാണ്. ഞാൻ ചെയ്യുന്ന പ്രവർത്തികൾ തന്നെ എനിക്കു മനസ്സിലാകുന്നില്ല. എന്തന്നാൽ, ഞാൻ ഇച്ഛിക്കുന്നതല്ല, വെറുക്കുന്നതാണു ഞാൻ പ്രവർത്തിക്കുന്നത്.... ഞാൻ ഇച്ഛിക്കുന്ന നന്മയല്ല, ഇച്ഛിക്കാത്ത തിന്മയാണു ഞാൻ പ്രവർത്തിക്കുന്നത്......... ഞാൻ ദുർഭഗനായ മനുഷ്യൻ. മരണത്തിന് അധീനമായ ഈ ശരീരത്തിൽ നിന്ന് എന്നെ ആരു മോചിപ്പിക്കും?'' (റോമ 7 : 15 -24). പാപത്തിന്റെ ബന്ധനത്തിൽ നിന്ന് മോചിതരാകാൻ നമുക്കു സ്വയമേ ശക്തിയില്ല. എന്നാൽ കർത്താവായ ഈശോയുടെ തിരുരക്തം എല്ലാ പാപങ്ങളിൽ നിന്നും നമ്മെ മോചിപ്പിക്കുന്നു (1 യോഹ 1 :7). നാം പാപത്തിൽ നിന്ന് മോചിതരാകാൻ ഈശോ ലോകവസാനംവരെ കാരുണ്യത്തിന്റെ മാർഗ്ഗം കാണിച്ചു തന്നിട്ടുണ്ട്. അത് വിശുദ്ധ കുമ്പസാരമെന്ന കൂദാശയാണ്. സഭയിൽ വൈദികരെ അഭിഷേകം ചെയ്തുകൊണ്ട് അവർക്ക് തന്റെ നാമത്തിൽ പാപം മോചിക്കുവാൻ അധികാരം നല്കുന്നുണ്ട്. അവിടുന്നു പറഞ്ഞു: ''നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ അരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും''( യോഹ 20 : 23). തന്നെ സ്വീകരിക്കുകയും തന്റെ വചനത്തിൽ വിശ്വസിക്കുകയും ചെയ്യുന്നവർ ദൈവമക്കളാകണം; അവർ പാപത്തിൽ നിന്ന് വിമുക്തരായിരിക്കണം; അവർ വിശുദ്ധരായിരിക്കണം എന്ന് അവിടുത്തേയ്ക്ക് നിർബന്ധമുണ്ട്. അതുകൊണ്ട് മനുഷ്യന്റെ ദയനീയാവസ്ഥ മനസ്സിലാക്കി ഒരു പക്ഷേ പാപത്തിൽ വിണാൽ അതിൽ നിന്ന് മോചനം പ്രാപിക്കുവാൻ അവിടുന്ന് ഈ കൂദാശ നമുക്ക് നല്കി. നാം ഈ കൂദാശ നല്ല ഒരുക്കത്തോടും ഭക്തിയോടുംകൂടെ സ്വീകരിക്കണം.

കുമ്പസാരമെന്ന കൂദാശയ്ക്ക് അടിസ്ഥാനപരമായി 3 ഘടകങ്ങളുണ്ട്. അഴമായ അനുതാപം, അത്മാർത്ഥമായ ഏറ്റുപറച്ചിൽ, പാപം അവർത്തിക്കുകയില്ല എന്ന ദൃഢ പ്രതിജ്ഞ. ഇവ മൂന്നും സുപ്രധാനങ്ങളാണ്. അനുതപിക്കുന്ന പാപിയെ ദൈവം ഒരിക്കലും തള്ളികളയുകയില്ല;എന്നാൽ അനുതപിക്കാതെ പാപത്തിൽ നിലനിൽക്കുന്നവരെ

അവിടുന്ന് വെറുക്കുന്നു. കുമ്പസാരത്തിൽ വൈദികൻ ഈശോയുടെ കല്പന പ്രകാരവും, ഈശോയുടെ സ്ഥാനത്തും അധികാരത്തോടും കൂടി ഇരിക്കുമ്പോൾ നാം പാപം ഏറ്റു പറയുന്നത് ദൈവത്തോട് തന്നെയാണ്. നാം പാപം മറച്ചുവയ്ക്കാതെ ഏറ്റു പറയണം. വൈദികൻ നല്കുന്ന ഉപദേശം പരിശുദ്ധാത്മാവാൽ പ്രേരിതമാണ്; നമ്മുടെ ആത്മീയ വളർച്ചക്ക് ആവശ്യമാണ് ; അവ അനുസരിക്കുക ഏറ്റു പറഞ്ഞ് പാപങ്ങൾ പരിപൂർണ്ണമായി ഉപേക്ഷിക്കുവാനും മേലിൽ പാപം ചെയ്യാതിരിക്കാനും പ്രതിജ്ഞയുമെടുക്കണം. ഈ പ്രതിജ്ഞ ഗൗരവമായി പരിഗണിക്കുകയും മനസ്താപ പ്രകരണത്തിൽ നാം അവസനം ചൊല്ലുന്ന വാചകം ഓർത്തിരിക്കുകയും വേണം ''വീണ്ടും ഒരു പാപം ചെയ്യുക എന്നതിനെക്കാൾ മരിക്കുവാനും ഞാൻ സന്നദ്ധനായിരിക്കും ''. മാരക പാപത്തോടു കുടി നാം ജീവിക്കാൻ പാടില്ല ; മാരക പാപത്തോടു കുടി മരിക്കാൻ ഇടയായാൽ നാം നരകത്തിൽ പോകും. അതുകൊണ്ട് മാരക പാപം ചെയ്യാൻ ഇടയായാൽ അപ്പോൾ തന്നെ കർത്താവിങ്കലേക്ക് തിരിഞ്ഞ് കുമ്പസാരമെന്ന കൂദാശ സ്വീകരിക്കണം. മാരക പാപത്തിലായിരിക്കുന്ന ആൾ കുമ്പസാരിക്കാതെ കുർബാന സ്വീകരിക്കാൻ പാടില്ല. ലഘു പാപങ്ങൾ ഉണ്ടെങ്കിൽ അത്മാർത്ഥമായി അനുതപിച്ച് വിശുദ്ധ കുർബാന സ്വീകരിക്കാം. ഏങ്കിലും ലഘു പാപങ്ങൾപോലും ഇല്ലാതെ വിശുദ്ധ കുർബാന സ്വീകരിക്കുന്നതാണ് അഭികാമ്യം.

നാം വിശുദ്ധ കുമ്പസാരം എന്നാ കൂദാശ കുടെക്കൂടെ സ്വീകരിക്കണം. കുമ്പസാരം വഴി നമുക്ക് പാപമോചനം മാത്രമല്ല ലഭിക്കുന്നത്; നമ്മുടെ ആത്മീയ വളർച്ചയ്ക്ക് ആവശ്യമായ വരപ്രസാദവും ജ്ഞാനവും കൂദാശ വഴി ലഭിക്കുന്നു. ' ആണ്ടിൽ ഒരിക്കൽ കുമ്പസാരിച്ചാൽ മതി' എന്ന് ചിലർ പറയും. എന്നാൽ യഥാർത്ഥമായി വിശുദ്ധ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവർ ക്കുടെക്കൂടെ കുമ്പസാരിക്കണം. ആനേകം വിശുദ്ധർ നമുക്ക് നല്ല മാതൃക കാണിച്ചു തന്നിട്ടുണ്ട്. ഒരു പക്ഷേ ഗൗരവമേറിയ പാപം ഇല്ലെങ്കിൽപോലും ശരിയായി ആത്മശോധന ചെയ്ത്തു ലഘു പാപങ്ങളെല്ലാം ഏറ്റു പറഞ്ഞ് കുമ്പസാരിക്കുമ്പോൾ നമുടെ ആത്മാവിലെ കറകളെല്ലാം കഴുകി വേടിപ്പാക്കപ്പെടുകയും പുതുമഴയാൽ പുതുജീവൻ പ്രാപിക്കുന്ന തളിരിലപ്പോലെ നമ്മുടെ അത്മാക്കൾ ഉണർവുള്ളതാകുന്നു! അതു കൊണ്ട് വിശുദ്ധ കുമ്പസാരത്തെ ഗൗരവമായി പരിഗണിച്ച് മാസത്തിൽ ഒരിക്കലെങ്കിലും കുമ്പസാരിക്കണമെന്ന് ഞാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു. നമ്മുടെ ബഹു. അച്ചന്മാർ ഇതിനുള്ള സൗകര്യങ്ങൾ ചെയ്ത്തു തരുന്നതാണ്. നോമ്പുകാലത്ത് എല്ലാവരും കുമ്പസരിച്ച് ആത്മവിശുദ്ധീകരണം പ്രാപിക്കണമെന്നും വിശുദ്ധിയോടെ ഉയിർപ്പു തിരുനാൾ ആഘോഷിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ഈ വർഷത്തെ വലിയ നോമ്പു ഫെബ്രുവരി 23-ന് പാതിരായ്ക്ക് ആരംഭിക്കുന്നു. ഏപ്രിൽ 12 ന് അവസാനിക്കുന്നു. നോമ്പുകാലത്ത് ആചരിക്കുന്ന പ്രത്യേക സത്കൃത്യങ്ങളും ത്യാഗ പ്രവൃത്തികളും കുടുംബങ്ങളിലും ഇടവകകളിലും മുൻകുട്ടി ആലോചിക്കണം. കൂടുതൽ പ്രാർത്ഥന, കുടുതൽ വചന വായന, പ്രയശ്ച്ചിത്തം, സത്കൃത്യങ്ങൾ, മംസവർജ്ജനം, ആത്മനിയന്ത്രണം, ദാനധർമ്മം ഒക്കെ നാം ചെയ്യണം. വലിയ നോമ്പു കാലത്ത് വിവാഹ ആഘോഷങ്ങൾ മുടക്കിയിരിക്കുകയാണ് എന്ന് എല്ലാവർക്കും അറിയമല്ലോ. ഈ നോമ്പു കാലത്ത് സാധിക്കുന്നവരെല്ലാം എല്ല ദിവസങ്ങളിലും വിശുദ്ധ കുർബാനയിൽ പങ്കെടുക്കണം. പള്ളികളിൽ വെള്ളിയാഴ്ച്ചകളിലും ഞായറഴ്ച്ചകളിലും കുരിശിന്റെ വഴി നടത്താവുന്നതാണ്. നോമ്പിലെ എല്ലാ വെള്ളിയാഴ്ച്ചകളിലും പരിശുദ്ധ കുർബാനയുടെ ആരാധന നടത്തുന്നത് അഭിലഷണീയമാണ്. സാധിക്കുന്നവർ നോമ്പിലെ വെള്ളിയാഴ്ച്ചകളിൽ ഉപവാസമെടുക്കുന്നതും നല്ലതാണ്. 40-ാം വെള്ളിയാഴ്ച്ച ദേവഗിരി, ഹെഗ്ഗള, മുദുർ പ്രദേശങ്ങളിൽ നടത്തപ്പെടുന്ന മലകയറ്റത്തിൽ സാധിക്കുന്നവർ പങ്കെടുക്കുന്നത് നല്ലതാണ്. ഒരു കാര്യം പ്രത്യേകം എടുത്ത് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നോമ്പ്, ഉപവാസം, പ്രയശ്ചിത്ത പ്രവർത്തികൾ എല്ലാം തന്നെ നമ്മെ വിശുദ്ധീകരിക്കാനുള്ള മാർഗ്ഗങ്ങളാണ്. അവ നമ്മുടെ ലക്ഷ്യമല്ല. എന്നാൽ നമ്മെ നല്ലവരും വിശുദ്ധരുമാക്കാൻ ഇവ വളരെ സഹായകമാണ്. അതുകൊണ്ട് എല്ലാ ത്യാഗപ്രവർത്തികളും നമ്മെ കൂടുതൽ ക്ഷമയുള്ളവരും ഏളിമയുള്ളവരും എല്ലാ വിധ സത്കൃത്യങ്ങളുള്ളവരും ആക്കണം. ''നിങ്ങളുടെ ഹൃദയമാണ്, വസ്ത്രമല്ല കീറേണ്ടത്, നിങ്ങളുടെ ദൈവമായ കർത്താവിങ്കല്ക്കു മടങ്ങുവിൻ'' (ജോയേൽ 2 : 13) എന്ന ജോയേൽ പ്രവാചകന്റെ വചനം നമുക്ക് അനുസ്മരിക്കാം. ''നിങ്ങളെത്തന്നെ കഴുകി വൃത്തിയാക്കുവിൻ. നിങ്ങളുടെ ദുഷ്കർമ്മങ്ങൾ എന്റെ സന്നിധിയിൽ നിന്നു നീക്കിക്കളയുവിൻ. നിങ്ങളുടെ അകൃത്യങ്ങൾ അവസാനിപ്പിക്കുവിൻ. നന്മ പ്രവർത്തിക്കാൻ ശീലിക്കുവിൻ. നീതി അന്വേഷിക്കുവിൻ. മർദ്ദനം അവസാനിപ്പിക്കുവിൻ. അനാഥരോടു നീതി ചെയ്യുവിൻ. വിധവകൾക്കു വേണ്ടി വാദിക്കുവിൻ'' (ഏശയ്യാ 1 : 16 -17) എന്ന പ്രവാചകനായ ഏശായ്യായുടെ വാക്കുകളും നമുക്ക് ഓർമ്മിക്കാം. എല്ലാം

കൊണ്ടും ഏറെ ആത്മീയ സമൃദ്ധി നല്ക്കുന്ന ഒരു നോമ്പു കാലമാക്കട്ടേ 2020ലെ നമ്മുടെ വലിയ നോമ്പ് !

“ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടുംകൂടെ നിങ്ങൾ പൂർണ്ണഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരിച്ചു വരുവിൻ” (ജോയൽ 2 : 12) എന്ന വചന പ്രകാരം ഈ നോമ്പു വഴി കർത്താവിങ്കലേക്ക് തിരിച്ചുവരുവാൻ നമുക്കെല്ലാവർക്കും സാധിക്കട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് + പിതാവിന്റേയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഏവരെയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി + മാർ ലോറൻസ് മുക്കുഴി
05 - 01 - 2020 ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**N.B.:** ഈ ഇടയ ലേഖനം 09 - 02 - 2020 ന് ഞായറാഴ്ച എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.





**Circular No. 01/2020**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

2020 ഫെബ്രുവരി മാസം 23-ാം തിയതി നടക്കുവാനിരിക്കുന്ന നമ്മുടെ കർണ്ണാടക സീറോ മലബാർ കത്തോലിക്ക അസോസിയേഷന്റെ (കെ. എസ്. എം. സി. എ.) വാർഷിക സമ്മേളനത്തെക്കുറിച്ച് നിങ്ങളെ അറിയിക്കുവാനും എല്ലാവരെയും അതിനായി ക്ഷണിക്കുവാനുമാണ് ഈ കത്ത്.

നമ്മുടെ രൂപതയിലെ അൽമായരെ സംഘപ്പിക്കുക, അൽമായ പ്രേഷിതത്വം വളർത്തിയെടുക്കുക, സമൂഹത്തിൽ നേതൃത്വം വളർത്തുക, നമ്മുടെ സമൂദായത്തിന്റെ ആവശ്യങ്ങളിൽ മുൻകൈയെടുത്ത് പ്രവർത്തിക്കുക, നമ്മുടെ സമൂദായത്തിന്റെ ഭൗതിക സുസ്ഥിതിക്കായ് പ്രവർത്തിക്കുക, മുതലായ ലക്ഷ്യത്തോടുകൂടി നാം വലിയ പ്രതീക്ഷയോടെ ആരംഭിച്ചതാണല്ലോ കെ. എസ്. എം. സി. എ.. എല്ലാ ഇടവകകളിലും കെ. എസ്. എം. സി. എ. നന്നായി പ്രവർത്തിക്കുന്നുവെന്ന് ഞാൻ കരുതുന്നു. കെ. എസ്. എം. സി. എ. യുടെ നല്ല പ്രവർത്തനങ്ങൾക്കായ് ആദ്ധ്വാനിക്കുന്ന എല്ല നേതാക്കൻമാരെയും പ്രത്യേകിച്ച് മുൻ പ്രസിഡന്റ് അഡ്വ. സേവ്യയർ പാലേലിയെയും ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ. കെ. കെ. സെബാസ്റ്റ്യാനെയും അവരോടൊത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും അഭിനന്ദിക്കുന്നു. രൂപതാ ഡയറക്ട്ടർ ബഹു. ജോസഫ് കുരിയാളശ്ശേരിയച്ചനും മറ്റ് ഡയറട്ടേഴ്സിനും അഭിനന്ദനങ്ങൾ. 23-02-2020 ന് ശനിയാഴ്ച്ച കെ. എസ്. എം. സി. എ. യുടെ വാർഷിക സമ്മേളനം ഉജിറെ അനുഗ്രഹ ഓഡിട്ടോറിയത്തിൽ വച്ച് ആഘോഷപൂർവ്വം നടത്തപ്പെടുന്ന കാര്യം നിങ്ങളെ സന്തോഷത്തോടെ അറിയിക്കുന്നു.

ഫെബ്രുവരി 23 ന് രാവിലെ 9.30 ന് ആരംഭിക്കുന്ന ഈ സമ്മേളനത്തിൽ വിവിധ കാര്യപരിപാടികളും പ്രസിദ്ധരായ വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ നമ്മുടെ സമൂദായത്തിൽ നിന്ന് വിവിധ മണ്ഡലങ്ങളിൽ പ്രശസ്തമായ രീതിയിൽ നേട്ടം കൈവരിച്ചിട്ടുള്ളവരെ ആദരിക്കുന്നതുമാണ്. എല്ലാ അൽമായ സഹോദരങ്ങളും ഈ സമ്മേളനത്തിൽ പങ്കെടുത്ത് നമ്മുടെ സമുദായത്തിന്റെ ഈ സംഘടനയെ

പ്രോത്സഹിപ്പിക്കണമെന്ന് താൽപര്യപ്പെടുന്നു. ബന്ധപ്പെട്ട ഭാരവഹികൾ ഇതിനെ സംബന്ധിച്ച കുടുതൽ കാര്യങ്ങൾ നിങ്ങളെ അറിയിക്കുന്നതാണ്. ബഹു. വികാരിച്ചന്മാർ ആവശ്യമായ എല്ലാ സഹായ സഹകരങ്ങളും നൽകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

'നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു' എന്ന നമ്മുടെ കർത്താവിന്റെ തിരുവചന പ്രകാരം ലോകത്തിന്റെ പ്രകാശമാകുവാൻ കെ. എസ്. എം.സി. എ. നമ്മളെ സഹായിക്കട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് + പിതാവിന്റേയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഏവരെയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൾത്തംഗഡി — + മാർ ലോറൻസ് മുക്കുഴി
20 – 01 – 2020 — ബെൾത്തംഗഡി രൂപതയുടെ മെത്രാൻ

---

**N.B.:** ഈ സർക്കുലർ 09 – 02 – 2020 ന് ഞായറാഴ്ച എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.



**Circular No. 02/2020**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

2020 മാർച്ച് 31ന് ഇപ്പോൾ നിലവിലുള്ള അജപാലന സമിതികളുടെ കാലാവധി അവസാനിക്കുകയാണ്. കഴിഞ്ഞ 3 വർഷങ്ങളിലായി ഇടവകാ, ഫൊറോനാ, രൂപതാ പാസ്റ്ററൽ കൗൺസിലിൽ പ്രവർത്തിച്ച് നിസ്വാർത്ഥ സേവനം കാഴ്ച്ചവച്ച എല്ലാ അംഗങ്ങൾക്കും നന്ദി പറയുന്നു. പ്രത്യേകിച്ച് രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായി ത്യാഗപൂർവ്വം സേവനമനുഷ്ഠിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി. ഇടവകാ തലത്തിലും ഫൊറോനാ തലത്തിലും പുതിയ സമിതികൾ രൂപീകരിക്കണം. അതുകൊണ്ട് 2020 മാർച്ച് 31 ന് മുൻപ് ഇടവകാ അജപാലന സമിതി രൂപീകരിക്കേണ്ടതും അംഗീകാരത്തിനായി അംഗങ്ങളുടെ പേര് വിവരം രൂപതാ കച്ചേരിയിലേയ്ക്ക് അയയ്ക്കേണ്ടതുമാണ്. ഇടവകാ തലത്തിലുള്ള അജപാലന സമിതി തെരഞ്ഞെടുപ്പ് നമ്മുടെ രൂപതാ നിയമാവലി അനുസരിച്ചുവേണം നടത്തുവാൻ. ഇതു സംബന്ധിച്ച് നിയമം രൂപതാ നിയമാവലി നമ്പർ 532 മുതൽ 569വരെ കാണാവുന്നതാണ്. ഇടവകാ അജപാലന സമിതി രൂപീകരിച്ചാൽ ഉടനേ ഫൊറോനാ അജപാലന സമിതിയിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടതും അവരുടെ പേര് വിവരം ഫൊറോന വികാരിക്ക് മാർച്ച് 31ന് മുമ്പ് അയച്ചു കൊടുക്കേണ്ടതുമാണ്.

2020 ഏപ്രിൽ 15നുള്ളിൽ ഫൊറോന അജപാലന സമിതി രൂപീകരിക്കേണ്ടതാണ്. ഇത് സംബംന്ധിച്ച് നിയമം രൂപതാ നിയമാവലി 175 മുതൽ 183 വരെ നമ്പറുകളിൽ കാണാവുന്നതാണ്. ഫൊറോന അജപാലന സമിതി രൂപീകരിച്ചാലുടനെ അതാത് ഫൊറോനയിൽനിന്നും രൂപതാ അജപാലന സമിതിയിലേക്കുള്ള (പാസ്റ്ററൽ കൗൺസിൽ) പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടതും ഏപ്രിൽ 30നകം അവരുടെ പേര് വിവരം രൂപതാ കേന്ദ്രത്തിലേക്ക് അയച്ച് തരേണ്ടതുമാണ്. ഇതു ലഭിച്ചാലുടനെ രൂപതാ നിയമാവലി നമ്പർ: 126/134 പ്രകാരം രൂപതാ പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കുന്നതാണ്. മേൽപറഞ്ഞ തിയ്യതികളിൽതന്നെ തെരഞ്ഞെടുപ്പുകളും വിവിധ സമിതികളുടെ രൂപീകരണവും നടത്തിയാൽ മാത്രമേ യഥാസമയം രൂപതാ പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കാനും രൂപതാ പ്രവർത്തനങ്ങൾ ശരിയായി നടത്തുവാനും സാധി

ക്കുകയുള്ളൂ. അതുപോലെതന്നെ ഇടവകാ- ഫൊറോന അജപാലന സമിതിയും കൃത്യസമയത്ത് ആരംഭിക്കേണ്ടതുണ്ട്. അതുകൊണ്ട് ഇട വകയിലെ ബഹു. വികാരിമാരും ഫൊറോന വികാരിമാരും ഈ കാര്യ ത്തിലേക്ക് അടിയന്തര ശ്രദ്ധതിരിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. അംഗങ്ങളുടെ ലിസ്റ്റ് തരുമ്പോൾ അവരുടെ അഡ്രസ്സും ഫോൺ നമ്പറും ഈമെയിൽ ഉണ്ടെങ്കിൽ അതും തരുവാൻ ശ്രദ്ധിക്ക ണം.

ഇടവകാ, ഫൊറോനാ, രൂപതാ അജപാലന സമിതികൾ നന്നായി പ്രവർത്തിച്ചാലേ നമ്മുടെ രൂപത നന്നായി മുൻപോട്ട് പോകുകയുള്ളൂ. അതുകൊണ്ട് ഈ സമിതികളിലേക്ക് വിശുദ്ധിയും വിജ്ഞാനവും സേവന തൽപരതയുമുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുകയും നന്നായി പ്രവർത്തിച്ച് നമ്മുടെ രൂപതയെ കൂടുതൽ പ്രശോഭിതമാക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണമെന്ന് താൽപര്യപ്പെടുന്നു. ഇതെല്ലാം രൂപതാ നിയമാവലി അനുസരിച്ചുവേണം ചെയ്യുവാൻ എന്ന് ഒരി ക്കൽക്കൂടി ഓർമിപ്പിക്കുന്നു. നമ്മുടെ പ്രിയപ്പെട്ട സന്യാസീ സന്യാ സിനികളും അൽമായ സഹോദരങ്ങളും ഇതിനായി പരിപൂർണ്ണ സഹ കരണം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

''എല്ലാകാര്യങ്ങളും ഉചിതമായും ക്രമമായും ചെയ്യുവിൻ''(1 കോറി. 14 : 40) എന്ന തിരുവചനപ്രകാരം എല്ലാം ക്രമമായും ഭംഗിയായും ചെയ്യുവാനുള്ള കൃപ ദൈവം നമുക്ക് നൽകട്ടേയെന്ന് പ്രാർത്ഥിച്ചു കൊണ്ട് + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഏവരെയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി — + മാർ ലോറൻസ് മുക്കുഴി
20 . 01 . 2020 — ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB:** ഈ സർക്കുലർ 16-02-2020 ഞായറാഴ്ച എല്ലാ കുർബ്ബാമദ്ധ്യേയുംവായിക്കേണ്ടതാണ്



# 53-ാം ലോകസമാധാനദിനാചരണം ഫ്രാൻസീസ് മാർപാപ്പായുടെ സന്ദേശം

## 1 ജനുവരി 2020

## സമാധാനം പ്രത്യാശയുടെ യാത്രയെന്ന നിലയിൽ :സംവാദവും, അനുരഞ്ജനവും പരിസ്ഥിതിപരമായ മാനസാന്തരവും

1. സമാധാനം മഹത്തും അമൂല്യവുമായ മൂല്യമാണ്. അത് നമ്മുടെ മുഴുവൻ മനുഷ്യരാശിയെ സംബന്ധിച്ചും പ്രത്യാശയുടെയും ആഗ്ര ഹത്തിന്റെയും വിഷയമാണ്. മാനുഷികമായ ഒരു മനോഭാവമെന്ന നിലയിൽ സമാധാനത്തിനുള്ള നമ്മുടെ പ്രത്യാശ അസ്തിത്വപരമായ സംഘർഷാവസ്ഥയാൽ മുദ്രിതമാണ്. അതാക്കട്ടെ, എല്ലാ പ്രയാസ ങ്ങളുമുള്ള വർത്തമാനകാലത്ത് ജീവിക്കാനും സ്വീകരിക്കപ്പെടാനും സാധ്യത നല്ക്കുന്നു. ഒരു ലക്ഷ്യത്തിലേക്ക് അതു തിരിഞ്ഞിരുന്നാൽ മാത്രമേ അതു സംഭവിക്കുകയുള്ളൂ. ഈ ലക്ഷ്യത്തെപ്പറ്റി നമുക്കു തീർച്ചയുണ്ടെ ങ്കിൽ, യാത്രയ്ക്കുള്ള പരിശ്രമത്തെ നീതീക്കരിക്കാ നുള്ള ഈ ലക്ഷ്യം മഹനീയമായി നിലക്കൊള്ളുന്നെങ്കിൽ അതു ക്കൊണ്ട് കീഴടക്കാനാവാത്തതെന്നുപ്പോലും തോന്നുന്ന തടസ്സങ്ങൾ ഉള്ളപ്പോഴും പ്രചോദിപ്പിക്കുകയും മുന്നോട്ടു നയിക്കുകയും ചെയ്യുന്ന സദ്ഗുണമാണ് പ്രത്യാശ.

നാശകരമായ യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും മുറിവു കൾ മനുഷ്യസമൂഹം അതിന്റെ ഓർമ്മയിൽ പേറുന്നുണ്ട്. അവ പ്രത്യേ കിച്ച് ദരിദ്രരെയും മുറിപ്പെടുത്തപ്പെടുന്നവരെയുമാണ് ബാധിക്കുന്നത്. ചൂഷണത്തിന്റെയും അഴിമതിയുടെയും ചങ്ങലകൾ തകർക്കാൻ മുഴു വൻ രാഷ്ട്രങ്ങൾക്കും പ്രയാസമായിരിക്കുന്നു. ചൂഷണവും അഴിമ തിയും വിദ്വേഷത്തെയും അക്രമത്തെയും ആളികത്തിക്കുന്നു. ഇന്നും ചെറുപ്പക്കാരും പ്രായമുള്ളവരുമായ സ്ത്രീപുരുഷന്മാരുടെ വലിയൊരു സംഖ്യയ്ക്ക് മഹത്ത്വം, ശാരീരിക പുർണത, മതസ്വാതന്ത്ര്യം ഉൾപ്പെടെ യുള്ള സ്വാതന്ത്ര്യം, സമൂഹപരമായ ഐക്യദാർഢ്യം, ഭാവിയെപ്പറ്റി യുള്ള പ്രത്യശ എന്നിവ നിഷേധിക്കപ്പെട്ടിരിക്കുന്നു. അനേകം നിഷ്കള ങ്കർ വേദനാജനകമായ തരംതാഴ്ത്തലിന്റയും പുറത്താക്കപ്പെടലിന്റയും

ദുഃഖത്തിന്റെയും അനീതിയുടെയും ഇരകളാണ്. അവരുടെ ആളുകളുടെയും സ്നേഹിതരുടെയും മേൽ ഉണ്ടായ സംഘടിതമായ ആക്രമണങ്ങളുടെ കാര്യം പറയാനുമില്ല.

ആഭ്യന്തരവും അന്താരാഷ്ട്രപരമായ സംഘർഷങ്ങളുടെ ഭയാനകമായ ഉദ്യമങ്ങൾ മനുഷ്യവംശത്തിന്റെ ശരീരത്തിലും ആത്മാവിലും ശാശ്വതമായ പരിണതഫലമുണ്ടാക്കും. നിർദയമായ ആക്രമണങ്ങൾ വഴി ആ ഉദ്യമങ്ങൾ വർധിപ്പിച്ചുക്കൊണ്ടിരിക്കുന്നു. ഓരോ യുദ്ധവും സഹോദരഹത്യയുടെ ഒരു രൂപമാണ്. സാഹോദര്യത്തിലുള്ള മനുഷ്യ കുടുംബത്തിന്റെ ജന്മസിദ്ധമായ വിളിയെ അതു തകർക്കുന്നു.

യുദ്ധം, നമുക്കറിയാവുന്നതുപോലെ മിക്കപ്പോഴും തുടങ്ങുന്നത് മറ്റുള്ളവരുടെ വ്യത്യാസം അംഗീകരിക്കാൻ കഴിവില്ലാത്തതുകൊണ്ടാണ്. അത് അപ്പോൾ വർധനവിന്റെയും കീഴടക്കലിന്റെയം മനോഭവങ്ങലെ വളർത്തുന്നു. അതു സ്വാർത്ഥതയിൽ നിന്നും അഹങ്കാരത്തിൽ നിന്നും വിദ്വേഷത്തിൽ നിന്നും പരിഹസിക്കാനുള്ള ആഗ്രഹത്തിൽ നിന്നും മറ്റുള്ളവരെ മാറ്റി നിറുത്താനും നശിപ്പിക്കാനുമുള്ള ആഗ്രഹത്തിൽ നിന്നും ഉണ്ടാകുന്നു. ബന്ധങ്ങളുടെ തലതിരിച്ചിൽ, സ്വാധീനം ചെലുത്താനുള്ള അതിമോഹം, അധികാരത്തിന്റെ ദുർവിനിയോഗം, മറ്റുള്ളവരെ സംബന്ധിച്ച ഭീതി, വൈവിധ്യം തടസമായി പരിഗണിക്കൽ എന്നിവ വഴി യുദ്ധം ഉണ്ടാകുന്നു. ഇവയെല്ലാം യുദ്ധത്തിന്റെ അനുഭവം കൊണ്ട് വർദ്ധിക്കുകയും ചെയ്യുന്നു.

അടുത്തകാലത്ത് ജപ്പാനിലേക്കു ഞാൻ നടത്തിയ അപ്പസ്തോലിക യാത്രയുടെ സമയത്ത് നിരീക്ഷിച്ചതുപോലെ നമ്മുടെ ലോകം പ്രതിലോമമായ വിഭാഗീകരണത്താൽ" മുദ്രിതമാക്കപ്പെട്ടിരിക്കുന്നു. അത് സുരക്ഷിതത്വത്തെക്കുറിച്ചുള്ള ചിന്തയിലൂടെ സ്ഥിരതയെയും സമാധാനത്തെയും സംരക്ഷിക്കാനും ഉറപ്പുവരുത്താനും പരിശ്രമിക്കുന്നു. ആ സുരക്ഷിതത്വബോധം ഭയത്തിന്റെയും വിശ്വാസമില്ലായ്മയുടെയും മനോഭാവത്താൽ നിലനിർത്തപ്പെടുന്നതാണ്. അത് ജനതകൾ തമ്മിലുള്ള ബന്ധങ്ങൾക്കു വിഷം കൊടുക്കുന്നു. സംവാദത്തിന്റെ ഏതു രൂപത്തെയും തടസ്സപ്പെടുത്തുകയും ചെയ്യുന്നു. പരസ്പരം പൂർണമായി നശിപ്പിക്കുമെന്ന ഭയത്തിൻമേലോ സംമ്പൂർണ്ണ നശീകരണത്തിനുള്ള ഭീഷണിയിൻമേലോ പടുത്തുയർത്താനുള്ള പരിശ്രമങ്ങൾക്ക് ചേർന്നതല്ല സമാധാനവും അന്താരാഷ്ട്ര സ്ഥിരതയും. ഐക്യദാർഢ്യത്തിന്റെയും സഹകരണത്തിന്റെയും ആഗോള സാന്മാർഗികതയുടെ അടിസ്ഥാനത്തിൽ മാത്രമേ അത് നേടാനാവുകയുള്ളു. ഐക്യദാർഢ്യവും സേവനവും ഭാവിയുടെ സേവനത്തിലുള്ളതായിരിക്കണം. ആ ഭാവി രൂപപ്പെടുത്തുന്നത് ഇന്നത്തെയും നാളത്തെയും മുഴുവൻ മനഷ്യകുടുംബത്തിലും പരസ്പരം സ്വാതന്ത്ര്യം കൊണ്ടും പങ്കുവയ്ക്കപ്പെടുത്തുന്ന ഉത്തരവാദിത്വം കൊണ്ടുമാണ് രൂപപ്പെടുത്തേണ്ടത്.

ഭീഷണിപ്പെടുത്തുന്ന ഓരോ സാഹചര്യവും വിശ്വാസമില്ലായ്മയെ തീറ്റിപ്പോറ്റുന്നു. ജനതകളെ തങ്ങളുടെ സ്വന്തം സുരക്ഷിതത്വ മേഖലയിലേക്ക് പിൻവലിക്കുന്നു. വിശ്വാസമില്ലായ്മയും ഭയവും ബന്ധങ്ങളെ ദുർബലപ്പെടുത്തുന്നു. അക്രമമുണ്ടാകാനുള്ള അപകട സധ്യതയെ വർധിപ്പിക്കുന്നു. അതൊരു വിഷമ വൃത്തമുണ്ടാക്കുന്നു. അത് ഒരിക്കലും സമാധാന പൂർണമായ ബന്ധത്തിലേക്കു നയിക്കുകയില്ല.

സമ്പൂർണ്ണ നശികരണത്തെക്കുറിച്ചുള്ള ഭയത്തിലൂടെ ലോകത്തിൽ സ്ഥിരത സംരക്ഷിക്കാമെന്ന് നമുക്ക് ഒരിക്കലും അവകാശപ്പെടാനാവുകയില്ല. പെട്ടെന്നു മാറികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ന്യൂക്ലിയർ അഗാധതയുടെ വക്കിൽ തൂക്കിയിട്ടിരിക്കുന്ന, നിസ്സംഗതയുടെ ഭിത്തികളുടെ പിന്നിൽ അടച്ചിട്ടിരിക്കുന്ന, ആ സാഹചര്യത്തിൽ സ്ഥിരത സൂക്ഷിക്കാനുവുകയില്ല. അതിന്റെ ഫലമായി ചെയ്യുന്ന സാമൂഹികവും സാമ്പത്തികവുമായ തീരുമാനങ്ങൾ ദുരന്തപരമായ സാഹചര്യങ്ങളിലേക്കു നയിക്കുന്നു. അവിടെ മനുഷ്യ ജീവികളും സൃഷ്ടി തന്നെയും സംരക്ഷിക്കപ്പെടുകയും സൂക്ഷിക്കപ്പെടുകയും ചെയ്യുന്നതിനുപകരം അവഗണിക്കപ്പെടുന്നു. അപ്പോൾ സമാധാനത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയും ഒരു യാത്ര എങ്ങനെ തുടങ്ങും ? ഭീഷണികളുടെയും ഭയത്തിന്റെയും അനാരോഗ്യകരമായ മനോഭവത്തെ എങ്ങനെ തകർക്കും പരസ്പരം വിശ്വാസമില്ലായ്മയുടെയും ഇപ്പോഴത്തെ സംവിധാനത്തെ എങ്ങനെ തകർക്കും.? ദൈവത്തിൽ നിന്നുള്ള പൊതുവായ ഉത്പത്തിയിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള സംവാദത്തിലും പരസ്പര വിശ്വാസത്തിലും അഭ്യസിക്കുന്നതുമായ യഥാർത്ഥ സഹോദര്യത്തെ നാം പ്രോത്സഹിപ്പിക്കണം. സമാധാനത്തിനുവേണ്ടിയുള്ള ആഗ്രഹം മനുഷ്യഹൃദയത്തിന്റെ അഗാധതയിൽ കിടക്കുന്നു. അതിനെക്കാൾ ചെറുതായ ഒന്നിനെ അന്വേഷിക്കാൻ നാം സ്വയം പിന്മാറരുത്.

## 2. സമാധാനം : ഓർമ്മ, ഐക്യദാർഢ്യം സാഹോദര്യം എന്നിവയിൽ അടിസ്ഥാനപ്പെടുത്തിയ കേൾക്കലിന്റെ യാത്ര

ഹിരോഷിമയിലും നാഗസാക്കിയിലും ബോംബു വർഷത്തിൽ നിന്നു രക്ഷപ്പെട്ട ഹിബാക്കുഷകൾ സംഘാത്മക മനഃസാക്ഷിയുടെ ജ്വാല ഇന്ന് സൂക്ഷികുന്നവരിൽ പെടുന്നു. അവർ 1945 - ൽ സംഭവിച്ചതിന്റെ ഭയത്തിന്റെ സാക്ഷികളാണ്, പിൻതലമുറകൾക്കും ഇന്നോളം തുടർന്നുണ്ടായ അവാച്യമായ സഹനങ്ങളുടെയും സാക്ഷികളാണ്. അവരുടെ സാക്ഷ്യം ഇരകളായവരുടെ ഓർമ്മയെ ഉണർത്തുകയും സൂക്ഷിക്കുകയും ചെയ്യുന്നു. ആധിപത്യത്തിനും നശിപ്പിക്കലിനുമുള്ള ഓരോ ആഗ്രഹത്തിന്റെയും മുമ്പിൽ മനുഷ്യവംശത്തിന്റെ മനഃസാക്ഷി ഉണരുവാനാണത്. ''ഇവിടെ സംഭവിച്ചതിന്റെ ഓർമ്മ ഇപ്പോഴത്തെയും ഭാവിയിലെയും തലമുറകൽ മറന്നുപോകാൻ അനുവദിക്കുന്നതിന് ഞങ്ങൾക്കു സാധ്യമല്ല. കൂടുതൽ നല്ലതും സഹോദരപരവുമായ ഒരു ഭാവിയെ സൃഷ്ടിക്കുവാൻ ഉറപ്പു നല്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു ഓർമ്മയണത് '' കഴിഞ്ഞകാല സംഭവങ്ങളുടെ ഓർമ്മ വരുംതലമുറകൾ സൂക്ഷിക്കുമെന്ന് ഉറപ്പുവരുത്താൻ ഹിബക്കുഷ ജനതയെപ്പോല ഇന്നത്തെ ലോകത്തിലെ പല ജനതകളും പരിശ്രമിക്കുന്നുണ്ട്. അന്നത്തെ അതേ തെറ്റുകളോ മിഥ്യാധാരണകളോ വീണ്ടും വരാതെ തടയാൻവേണ്ടി മാത്രമല്ല അങ്ങനെ ചെയ്യുന്നത്. പിന്നെയോ ഇന്നത്തെയും ഭാവിയിലെയും തീരുമാനങ്ങൾ സമാധാനം വളർത്താനുള്ള അടിസ്ഥാനവും പ്രചോദവുമായിരിക്കുവാനും, അനുഭവത്തിന്റെ ഫലമെന്നപോലെ ഓർമ്മയെ സഹായിക്കുവാനുമാണ് അപ്രകാരം ചെയ്യുന്നത്.

കൂടുതലായി എന്താണു പറയേണ്ടത്,,, ഓർമ്മ പ്രത്യാശയുടെ ചക്രവാളമാണ്. പലപ്പോഴും യുദ്ധങ്ങളുടെയും അക്രമത്തിനുവേണ്ടിയുള്ള നിരന്തരം അന്വേഷണത്തിൽ പങ്കുചേരുന്നു. പൊതുനന്മയ്ക്കായുള്ള തന്റെ സേവനം അവൾ തുടർന്നുകൊണ്ടിരിക്കുന്നു. സമാധാനത്തെക്കുറിചുള്ള പ്രത്യാശ വർധിപ്പിക്കാനും അപ്രകാരം ചെയ്യുന്നു. ക്രൈസ്തവമുല്യങ്ങൾ പകർന്നു നല്കിക്കൊണ്ടും ധാർമ്മിക പ്രബോധനം നടത്തിക്കൊണ്ടും സാമൂഹികവും വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾകൊണ്ടും അങ്ങനെ ചെയ്യുന്നു.



## 3. സമാധാനം : സഹോദരപരമായ സംസർഗത്തിൽ അനുരഞ്ജനപ്പെടുന്നതിന്റെ ഒരു യാത്ര

ബൈബിൾ പ്രത്യേകിച്ച് പ്രവാചകരുടെ വാക്കുകളിൽ മനുഷ്യവംശവുമായുള്ള ദൈവത്തിന്റെ ഉടമ്പടിയെ വ്യക്തികളെയും ജനതകളെയും ഓർമ്മിപ്പിക്കുന്നു. അത് മറ്റുള്ളവരുടെ മേൽ ആധിപത്യം ഉറപ്പിക്കാനുള്ള ആഗ്രഹം ഉപേക്ഷിക്കുന്നു. പരസ്പരം വ്യക്തികളായി കാണാൻ പഠിപ്പിക്കുന്നു. ദൈവത്തിന്റെ പുത്രീ പുത്രന്മാരായി, സഹോദരീ സഹോദരന്മാരായി കാണാൻ പഠിപ്പിക്കുന്നു. മറ്റുള്ളവരെ അവർ പറഞ്ഞതും പ്രവർത്തിച്ചതും മൂലം നിസ്സാരക്കാരാക്കരുത്. അവരുടെ വാഗ്ദാനമൂലം അവരെ വിലമതിക്കണം. ബഹുമാനത്തിന്റെ പാത തിരഞ്ഞെടുത്തുകൊണ്ടു മാത്രമേ പ്രതികാരത്തെ തകർക്കാനും പ്രത്യാശയുടെ യാത്ര തുടങ്ങാനും നമുക്ക് കഴിയുകയുള്ളു. പത്രോസും യേശുവും തമ്മിൽ നടത്തിയ സംഭാഷണം വിവരിക്കുന്ന സുവിശേഷ ഭാഗത്താൽ നാം നയിക്കപ്പെടുന്നു. ''കർത്താവേ എനിക്കെതിരേ പാപം ചെയ്യുന്ന എന്റെ സഹോദരനോട് ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം? ഏഴു പ്രാവശ്യമോ? യേശു അവനേടു പറഞ്ഞു; ഏഴെന്നല്ല ഏഴ് എഴുപതു പ്രാവശ്യമാന്നു ഞാൻ നിന്നോടു പറയുന്നു (മത്താ 18 : 21-22). അനുരഞ്ജനത്തിന്റെ ഈ പാത ഒരു ആഹ്വാനമാണ്. ക്ഷമിക്കാനുള്ള ശക്തിയും പരസ്പരം സഹോദരീ സഹോദരന്മാരായി അംഗീകരിക്കാനുള്ള കഴിവു നമ്മുടെ ഹൃദയാന്തർഭാഗത്ത് കണ്ടെത്താനുള്ള ആഹ്വാനമാണത്. മാപ്പു നല്കി ജീവിക്കാൻ നാം പഠിക്കുമ്പോൾ സമാധാനത്തിന്റെ സ്ത്രീപുരുഷന്മാരായിത്തീരാനുള്ള നമ്മുടെ ശക്തിയിൽ നാം വളരുന്നു.

സാമൂഹിക സാഹചര്യത്തിൽ സമാധാനത്തെപ്പറ്റി സത്യമായിട്ടുള്ളത് രാഷ്ട്രീയത്തിന്റെയും സാമ്പത്തിക ശാസ്ത്രത്തിന്റെയും മണഡലങ്ങളെ സംബന്ധിച്ചും സത്യമാണ്. എന്തെന്നാൽ പൊതുവേ ജീവിത്തിന്റെ എല്ലാ മാനങ്ങളിലും സമാധാനം പ്രവേശിക്കുന്നു. കൂടുതൽ നീതിപൂർവ്വകമായ സാമ്പത്തികശാസ്ത്രം വികസിപ്പിക്കാനുള്ള കഴിവു നാം കാണിച്ചില്ലെങ്കിൽ യഥാർത്ഥ സമാധാനമുണ്ടാവുകയില്ല. ബനഡിക്ക്ട് പതിനാറാമൻ മാർപാപ്പ പത്തുവർഷം മുമ്പ് സത്യത്തിൽ സ്നേഹം എന്ന ചാക്രികലേഖനത്തിൽ പറഞ്ഞതുപോലെ ''അവികസിതാവസ്ഥയെ കീഴടക്കുന്നതിന് വിനിമയത്തിന്റെ അടിസ്ഥാനത്തിലുള്ള ഇടപാടുകളെ മെച്ചപ്പെടുത്തുകയും പൊതുക്ഷേമ സംവിധാനങ്ങൾ

സ്ഥാപിക്കുകയും ചെയ്യാനുള്ള നടപടി മാത്രം പോരാ. പിന്നെയോ സർവോപരി, സൗജന്യത്തിന്റെയും കൂട്ടായ്മയുടെയും ഓഹരികളുള്ള സാമ്പത്തിക പ്രവർത്തനത്തിന്റെ രൂപങ്ങളിലേക്ക് ആഗോളതലത്തിലുള്ള തുറവി ക്രമേണ ഉണ്ടാവുകയും വേണം''. (നമ്പർ 39).

## 4. സമാധാനം : പരിസ്ഥിതിപരമായ മാനസാന്തരത്തിന്റെ യാത്ര

നമ്മുടെ തത്ത്വങ്ങളെപ്പറ്റി നമുക്കു തെറ്റിധാരണയുണ്ടായിരിക്കുകയും അത് പ്രകൃതിയെ ദുരുപയോഗിക്കുന്ന പ്രവൃത്തി നീതിമത്കരിക്കാനും പ്രകൃതിയുടെ മേൽ സ്വേച്ഛാധിപത്യം പ്രയോഗിക്കാനും യുദ്ധത്തിലും അനീതിയിലും അക്രമത്തിലും ഏർപ്പെടാനും ഇടയാക്കിയെങ്കിൽ അതിനെയെല്ലാം നീതിമത്കരിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ വിശ്വാസികളായ നാം ഒരു കാര്യം അംഗീകരിക്കണം. അതായത് സംരക്ഷിക്കാനും സൂക്ഷിക്കാനും നമുക്കു കടമയുണ്ട്. ജ്ഞാനത്തിന്റെ നിക്ഷേപങ്ങളോട് നമ്മൾ വിശ്വസ്തരായിരുന്നില്ലെന്ന് അംഗീകരിക്കണം.

മറ്റുള്ളവരോടുള്ള നമ്മുടെ ശത്രുതയും നമ്മുടെ പൊതുഭവനത്തോടുള്ള ബഹുമാനക്കുറവും അല്ലെങ്കിൽ പ്രകൃതി വിഭവങ്ങളെ സംബന്ധിച്ച ദുരുപയോഗപരമായ ചൂഷണവും പെട്ടെന്ന് ലാഭം കിട്ടാനുള്ള ഉറവിടം മാത്രമായി പ്രാദേശിക സമൂഹങ്ങളെയും പൊതു നന്മയെയും പ്രകൃതിയെ തന്നെയും പരിഗണിക്കാതെ ചെയ്യുന്ന ചൂഷണവും മൂലം നമുക്ക് പരിസ്ഥിതിപരമായ മാനസാന്തരം ആവശ്യമാണ്. പാൻ ആമസോൺ പ്രദേശത്തെക്കുറിച്ചു അടുത്തകാലത്ത് ഒരു സിനഡു നടന്നു. അത് സമൂഹങ്ങളും ഭൂമിയും തമ്മിലും വർത്തമാനകാലവും ഭൂതകാലവും തമ്മിലും അനുഭവവും പ്രത്യാശയും തമ്മിലും സമാധാനപൂർണ്ണമായ ബന്ധം സ്ഥാപിക്കാനുള്ള നിർബന്ധപൂർവകവും നവീനവുമായ ആഹ്വാനം നടത്താൻ നമ്മെ പ്രേരിപ്പിക്കുന്നു,

അനുരഞ്ജനത്തിന്റെ ഈ യാത്ര ഒരു കാര്യം കൂടി ആവശ്യപ്പെടുന്നുണ്ട്. നമ്മുടെ പൊതുഭവനമാകാൻ ദാനമെന്ന നിലയിൽ നമുക്ക് ദൈവം തന്ന ലോകത്തെ കേൾക്കുകയും ധ്യാനിക്കുകയും ചെയ്യുകയെന്ന കാര്യമാണത്. യഥാർത്ഥത്തിൽ പ്രകൃതി വിഭവങ്ങൾ ജീവിതത്തിന്റെ അനേകം രൂപങ്ങളും, ഭൂമിതന്നെയും ഉഴുകാനും സൂക്ഷിക്കാനും (ഉത്പ 1 : 15) വേണ്ടി നമ്മെ ഏല്പിച്ചിട്ടുള്ളതാണ്. ഭാവിതലമുറകൾക്കുവേണ്ടിയും ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വപൂർണവും



ക്രിയാത്മകവുമായ പങ്കെടുക്കലിനുവേണ്ടിയും നമ്മെ ഏല്പ്പിച്ചിട്ടുള്ളതാണ്. നാം ചിന്തിക്കുന്നതിന്റെയും വസ്തുക്കളെ നാം കാണുന്നതിന്റെയും രീതി മാറ്റുക ആവശ്യമാണ്. മറ്റുള്ളവരോട് ഇടപ്പെടുന്നതിലും സൃഷ്ടിയാകുന്ന ദാനം അതിന്റെ സ്രഷ്ടാവിന്റെ സൗന്ദര്യവും ജ്ഞാനവും പ്രതിഫലിക്കുന്ന സൃഷ്ടിയാകുന്ന ദാനം സ്വീകരിക്കുന്നതിലും കൂടുതൽ തുറവിയുള്ളവരാകണം. ഇതെല്ലാം നമുക്കു നല്കുന്നത് കൂടുതൽ ആഴമുള്ള ലക്ഷ്യബോധവും നമ്മുടെ പൊതു ഭവനത്തിൽവസിക്കാനുള്ള ഒരു പുതിയ മാർഗവും നമ്മുടെ വ്യതാസങ്ങൾ അംഗീകരിക്കാനും നാം സ്വീകരിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന ജീവിതത്തെ ആദരിക്കാനും ആഘോഷിക്കാനുമുള്ള കടമയാണ്. ജീവന്റെ തുടർന്നുള്ള പുഷ്പിക്കലിനെയും മുഴുവൻ മനുഷ്യവംശത്തിന്റെയും പൊതുനന്മയുടെ വികസനത്തെയും അനുകൂലിക്കുന്ന ജീവിതാവസ്ഥകളും സമൂഹത്തിന്റെ മാതൃകകളും അന്വേഷിക്കാനുള്ള കടമയുമാണ്.

നാം അഭ്യർത്ഥിക്കുന്ന പരിസ്ഥിതിപരമായ മാനസാന്തരം ജീവനെ നോക്കിക്കാണുന്നതിനുള്ള പുതിയൊരു രീതിയിൽ നമ്മെ നയിക്കും. നമുക്ക് ഭൂമി നല്കിയ സ്രഷ്ടാവിന്റെ ഉദാരത പരിഗണിക്കുമ്പോൾ സന്തോഷത്തോടും മിതത്വത്തോടും കൂടി ഭൂമി പങ്കിട്ട് അനുഭവിക്കാൻ നല്കിയ സ്രഷ്ടാവിന്റെ ഉദാരത തന്നെ. ഈ മാനസാന്തരം സമഗ്രമായ രീതിയിൽ മനസ്സിലാക്കണം. ഒരു രൂപാന്തരീകരണമായി മനസ്സിലാക്കണം നമ്മുടെ സഹോദരീ സഹോദരന്മാരോടും മറ്റു ജീവജാലങ്ങളോടും സമ്പന്നമായ വൈവിധ്യമുള്ള സൃഷ്ടിയോടും ജീവന്റെയെല്ലാം ഉത്പത്തിയും ഉറവിടവുമായ സ്രഷ്ടാവിനോടും നാം എങ്ങനെ ബന്ധപ്പെടുന്നു മനസ്സിലാക്കണം. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഒരു കാര്യം ആവശ്യമാണ്. ''യേശുക്രിസ്തുവിനോടുള്ള അവരുടെ കണ്ടുമുട്ടലിന്റെ ഫലങ്ങൾ അവർക്കു ചുറ്റുമുള്ള ലോകവുമായുള്ള അവരുടെ ബന്ധങ്ങളിൽ പ്രകടമാകണം'' .

## 5.നാം പ്രത്യാശിക്കുന്നതെല്ലാം നമുക്കു ലഭിക്കുന്നു.

അനുരഞ്ജനത്തിനുള്ള യാത്ര ക്ഷമയെയും വിശ്വാസത്തെയും ആവശ്യപ്പെടുന്നു. സമാധാനത്തിനായി പ്രത്യാശിച്ചില്ലെങ്കിൽ സമാധാനം ലഭിക്കുകയില്ല. ഒന്നാമതായി ഇതിന്റെ അർത്ഥം സമാധാനത്തിനുള്ള സാധ്യതയിൽ വിശ്വാസിക്കകയെന്നതാണ്. നമുക്ക് ആവശ്യമായിരിക്കുന്നതുപോലെ മറ്റുള്ളവർക്കും സമാധാനം ആവശ്യമാണെന്ന് വിശ്വസി

ക്കണം. ദൈവത്തിന് നമ്മിൽ ഓരോരുത്തരോടുമുള്ള സ്നേഹത്തിൽ നമുക്ക് പ്രചോദനം കണ്ടെത്താനാവും. സ്വതന്ത്രമാക്കുന്നതും അതിരുകളില്ലാത്തതും വിശ്രമമില്ലാത്തതുമായ സ്നേഹത്തിൽത്തന്നെ.

ഭയം മിക്കപോഴും സംഘടനത്തിന്റെ ഒരു ഉറവിടമാണ്. അതുകൊണ്ട് നാം മാനുഷികഭയങ്ങളെ കീഴടക്കുകയെന്നത് സുപ്രധാന കാര്യമാണ്. നമ്മെ സ്നേഹിക്കുകയും ധൂർത്തപുത്രനെ കാത്തിരുന്ന പിതാവിനെപ്പോലെ( ലൂക്കാ 15 :11 -24) നമ്മെ കാത്തിരികുകയും ചെയ്യുന്ന ദൈവത്തിന്റെ കണ്ണുകളിൽ നാം ആവശ്യങ്ങളുള്ള മക്കളാണെന്ന് അംഗീകരിക്കുകയെന്നതും സുപ്രധാന കാര്യമാണ്. സഹോദരപരമായ കണ്ടുമുട്ടലിന്റെ സംസ്കാരം സംഘട്ടനത്തിന്റെ സംസ്കാരത്തെ തകർക്കുന്നു. അത് ഓരോ കണ്ടുമുട്ടലിനെയും സംബന്ധിച്ച് ദൈവത്തിനുള്ള ഉദാരതനിറഞ്ഞ സ്നേഹത്തിന്റെ ഒരു സാധ്യതയും ഒരു സമ്മാനവുമാണ്. അത് ഇടുങ്ങിയ ചക്രവാളങ്ങളുടെ അതിരുകൾക്കപ്പുറത്തേക്കു നമ്മെ നയിക്കുന്നു. ഒരേ സ്വർഗീയ പിതാവിന്റെ മക്കൾ എന്ന നിലയിൽ സാർവത്രിക സാഹോദര്യത്തിന്റെ ചൈതന്യത്തിൽ ജീവിക്കാൻനമ്മെ പ്രോത്സാഹിപ്പിക്കുന്നു.

ക്രിസ്തുവിന്റെ അനുയായികളെ സംബന്ധിച്ചിടത്തോളം ഈ യാത്ര, മാമ്മോദീസ സ്വീകരിച്ചവരുടെ പാപങ്ങളുടെ മോചനത്തിനായി കർത്താവു നല്കിയ അനുരഞ്ജന കൂദാശായൽ താങ്ങി നിറുത്തപ്പെടുന്നു. സംഘട്ടനങ്ങളുടെയും മധ്യേ സ്വീകരിക്കപ്പെട്ട ഐക്യദാർഢ്യത്തിന്റെ ചെറിയ പ്രകടനത്തെക്കുറിച്ചുള്ള ഓർമ്മയ്ക്കുപോലും ധീരതയാർന്ന തീരുമാനങ്ങളിലേക്കു നയിക്കാൻ കഴിയും. വ്യക്തികളിലും സമൂഹങ്ങളിലും പുതിയ ഊർജങ്ങൾ ഒഴുക്കാനും പുതിയ പ്രത്യാശയ്ക്കു തിരികൊളുത്താനും അതിനു സാധിക്കും.

സമാധാനയാത്രയുടെ പുറപ്പാട് ഒരു വെല്ലുവിളിയാണ്. കാരണം ജനതകളും സമൂഹങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധങ്ങളിൽ അപകടത്തിലായിരിക്കുന്ന താത്പര്യങ്ങൾ ധാരാളമുണ്ട്. അവ തമ്മിൽ സംഘട്ടനത്തിലാണുതാനും. ഒന്നാമതായി നമ്മൾ ജനതകളുടെ ധാർമ്മിക മനഃസാക്ഷിയോടും വ്യക്തിപരവും രാഷ്ട്രീയവുമായ ഇച്ഛാശക്തിയോടും അപേക്ഷിക്കണം. സമാധാനം ഉദ്ഭവിക്കുന്നത് മനുഷ്യഹൃദയത്തിന്റ അഗാധതയിൽ നിന്നാണ്. രാഷ്ട്രീയ ഇച്ഛാശക്തിയ എപ്പോഴും നവീകരിക്കണം. വ്യക്തികളെയും സമൂഹങ്ങലെയും അനുരഞ്ജജിപ്പിക്കാനും ഐക്യപ്പെടുത്താനും വേണ്ടി പുതിയ മാർഗങ്ങൾ കണ്ടെത്താനാണത്.



ലോകത്തിനു ശൂന്യമായ വാക്കുകളല്ല, പിന്നെയോ ഉത്തമബോധ്യമുള്ള സാക്ഷ്യങ്ങളാണ് ആവശ്യം. ബഹിഷ്കരണവും കൃത്രിമതയും തള്ളികളയുന്ന സംവാദത്തോടു തുറവിയുള്ള സമാധാനസ്ഥാപകരെയാണ് ആവശ്യം. യഥാർത്ഥത്തിൽ, പ്രത്യയ ശാസ്ത്രങ്ങൾക്കും വ്യാത്യാസപ്പെടുന്ന അഭിപ്രായങ്ങൾക്കും ഉപരിയായി സത്യം അന്വേഷിക്കുന്ന സ്ത്രീപുരുഷന്മാർ തമ്മിൽ ഉത്തമബോധ്യമുള്ള സംവാദം കൂടാതെ സമാധാനം നേടാൻ നമുക്കു കഴിയുകയില്ല. സമാധാനം നിരന്തരം പടുത്തുയർത്തപ്പെടണം. "പൊതുനന്മ" സത്യസന്ധത, നിയമത്തോടുള്ള ബഹുമാനം എന്നിവയ്ക്കായുള്ള നിരന്തര പരിശ്രമത്തിൽ ഒന്നിച്ചു നടത്തുന്ന യാത്രയാണത്. പരസ്പരം ശ്രവിക്കലിന് പരസ്പര ധാരണയിലേക്കും ബഹുമാനത്തിലേക്കും നയിക്കാൻ കഴിയും. ഒരു ശത്രുവിന് ഒരു സഹോദരന്റേയോ സഹോദരിയുടെയോ മുഖം കാണാൻപോലും കഴിവു നല്കും.

അങ്ങനെ സമാധാനപ്രക്രിയ ശാശ്വത സമർപ്പണമാണ്. സത്യവും നീതിയും അന്വേഷിക്കാനുള്ള ക്ഷമപൂർണ്ണമായ ഒരു പരിശ്രമമാണ്. ഇരകളായവരുടെ ഓർമ്മയെ ആദരിക്കാനും പ്രതികാരണത്തിനുള്ള ആഗ്രഹത്തെക്കാൾ ശക്തമായ പങ്കുവയ്ക്കപ്പെടുന്ന പ്രത്യാശയിലേക്ക് ക്രമേണ കടക്കാനുള്ള വഴി തുറക്കാനുള്ള പരിശ്രമമാണ്. ഇരകളായവരുടെ ഓർമ്മയെ ആദരിക്കാനും പ്രതികാരത്തിനുള്ള ആഗ്രഹത്തെക്കാൾ ശക്തമായ പങ്കവയ്ക്കപ്പെടുന്ന പ്രത്യാശയിലേക്ക് ക്രമേണ കടക്കാനുള്ള വഴി തുറക്കാനുള്ള പരിശ്രമമാണ്. നിയമത്തിൽ അടിസ്ഥാനപ്പെടുത്തിയ ഒരു സ്റ്റേറ്റിൽ ഈ പ്രക്രിയയുടെ സുപ്രധാന മാതൃകയാകാൻ ജനാധിപത്യത്തിനു കഴിയും. അത് നീതിയിലും ഓരോ വ്യക്തിയുടേയും പ്രത്യേകിച്ച് ദുർബലരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും അവകാശങ്ങൾ സംരക്ഷിക്കാനുള്ള സമർപ്പണത്തിലും അടിയുറപ്പിച്ചതായിരിക്കണം. അത് നിരന്തരം സത്യം അന്വേഷിക്കുന്നതുമായിരിക്കണം. ഇത് സാമൂഹികമായ ഒരു സംരംഭവും തുടർപ്രവർത്തനവുമായിരിക്കണം. അതിൽ ഓരോ വ്യക്തിയും ഉത്തരവാദിത്വപൂർവ്വം സ്വന്തം സംഭാവന നല്കുന്നു. പ്രദേശികവും ദേശീയവും സർവലൗകികവുമായ സമൂഹത്തിന്റെ തലങ്ങളിൽ അങ്ങനെ ചെയ്യണം.

വി. പോൾ 6- മൻ പാപ്പ ചൂണ്ടിക്കാണിച്ചതുപോലെ സമത്വത്തിനും ഭാഗഭാഗിത്വത്തിനുമുള്ള ഈ രണ്ട് ആഗ്രഹങ്ങൾ ജനാധിപത്യപരമായ സമൂഹത്തെ വളർത്താൻ പരിശ്രമിക്കുന്നു. സാമൂഹിക ജീവി

തത്തെപ്പറ്റിയുള്ള ഒരു വിദ്യാഭ്യാസം വേണമെന്ന് ഇത് ആവശ്യപ്പെടുന്നു. അത് ഓരോ മനുഷ്യന്റെയും അവകാശങ്ങൾ മാത്രം ഉൾക്കൊള്ളുന്നതായിരിക്കരുത്. അത് പരസ്പര ബന്ധമുള്ളതുമായിരിക്കണം. മറ്റുള്ളവരോടുള്ള അവന്റെയും അവളുയും കടമകൾക്കൂടി ഉൾക്കൊള്ളുന്നതായിരിക്കണം. കടമയെപ്പറ്റിയുള്ള ബോധവും പ്രയോഗിവും ആത്മനിയന്ത്രണത്തിനുള്ള കഴിവിനാൽ വ്യവസ്ഥാപിതമാകുന്നു. വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും സ്വാതന്ത്ര്യത്തിനുമേൽ സ്ഥപിക്കപ്പെട്ട പരിധികളെയും ഉത്തരവാദിത്വത്തിന്റെ പരിധികളെയും സ്വീകരിക്കുകയെന്നതും അത് ഉൾക്കൊള്ളുന്നു.

സമൂഹത്തിൽത്തന്നെയുള്ള വിഭജനങ്ങൾ സാമൂഹിക അസമത്വത്തിന്റെ വർധനവ് സമഗ്രമാനുഷിക വികസനത്തെ ഉറപ്പുവരുത്തുവാനുള്ള മാർഗ്ഗങ്ങൾ നിഷേധിക്കൽ എന്നിവ പൊതു നന്മയ്ക്കായുള്ള പരിശ്രമത്തെ അപകടപ്പെടുത്തുന്നു. എന്നാലും വാക്കിന്റെയും സത്യത്തിന്റെയും ശക്തമായ അടിസ്ഥാനപ്പെടുത്തിയുള്ള ക്ഷമാപൂർവകമായ പരിശ്രമമുണ്ടാകണം. അത് സഹാനുഭൂതിക്കും സർഗാത്മക ഐക്യദാർഢ്യത്തിനുമുള്ള കൂടുതൽ വലിയ കഴിവിനെ പ്രോത്സഹിപ്പിക്കൽ സഹായിക്കും.

നമ്മുടെ ക്രൈസ്തവാനുഭവത്തിൽ നാം സ്ഥിരം ക്രിസ്തുവിനെ ഓർമ്മിക്കുന്നുണ്ട്. നാം പരസ്പരം രമ്യതപ്പെടാൻ സ്വന്തം ജീവൻ സമർപ്പിച്ച വ്യക്തിയാണ് ക്രിസ്തു(റോമാ 5 : 6-11). സഭ നീതിപൂർവ്വകമായ സാമൂഹിക സഭയുടെ ഈ കൂദാശ വ്യക്തികളെയും സമൂഹങ്ങളെയും നവീകരിക്കുന്നു. യേശുവിനെ നോക്കിക്കൊണ്ടരിക്കാൻ നമ്മോടു കല്പ്പിക്കുകയും ചെയ്യുന്നു. സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുകളെയും അവനിലൂടെ അവിടുന്ന് തന്നോട് അനുരഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയ രക്തം വഴി സമാധാനം സ്ഥാപിക്കുകയും ചെയ്തു (കൊളോ 1 : 20). നമ്മുടെ അയല്ക്കാർക്ക് എതിരായോ ദൈവത്തിന്റെ സൃഷ്ടിക്ക് എതിരായോ ചിന്തയിലും വാക്കിലും പ്രവർത്തിയിലുമുള്ള ഓരോ അക്രമപ്രവർത്തനത്തെയും മാറ്റിവയ്ക്കാൻ ഇത് നമ്മോട് ആവശ്യപ്പെടുന്നു.

നമ്മുടെ പിതാവായ ദൈവത്തിന്റെ കൃപ വ്യവസ്ഥകളില്ലാത്ത സ്നേഹമെന്നപോലെ നമ്മിലേക്ക് ചൊരിയപ്പെട്ടു. ക്രിസ്തുവിൽ അവിടുത്തെ പൊറുതി സ്വീകരിച്ച നാം നമ്മുടെ കാലത്തെ സ്ത്രീപുരുഷന്മാർക്ക് സമാധാനം നല്കാൻ നമുക്കു പുറപ്പെടാം. ഓരോ ദിവസവും പരിശുദ്ധാത്മാവ് നമ്മെ നീതിയുടെയും സമാധാനത്തിൻരെയും സ്രഷ്ടാക്കളാക്കാൻ കഴിയുന്ന വിധത്തിൽ ചിന്തിക്കുകയും സംസാരിക്കാനുള്ള മാർഗ്ഗങ്ങൾ പരിശുദ്ധാത്മാവ് അനുദിനം നമ്മിൽ പ്രേരിപ്പിച്ചു കൊണ്ടിരിക്കുന്നു.

സമാധാനത്തിന്റെ ദൈവം ആശീർവദിക്കുകയും നമ്മെ സഹായിക്കാൻ വരുകയും ചെയ്യട്ടെ. സമാധാനത്തിന്റെ രാജകുമാരിയും ഭൂമിയിലെ സർവജനതകളുടെയും മാതാവുമായ മറിയം അനുരഞ്ജനത്തിനുള്ള നമ്മുടെ യാത്രയിൽ ഓരോ അടിയും നടക്കാൻ നമ്മോടൊപ്പമുണ്ടായിരിക്കുകയും നമ്മെ താങ്ങി നിറുത്തുകയും ചെയ്യട്ടെ.

ഈ ലോകത്തിലേക്കു വരുന്ന എല്ലാ സ്ത്രീപുരുഷന്മാരും സമാധാനത്തിന്റെ ജീവിതം അനുഭവിക്കട്ടെ. അവർ അവരുടെ ഹൃദയങ്ങളിൽ നിവസിക്കുന്ന ജീവന്റെയും സ്നേഹത്തിന്റെയയും വാഗ്ദാനം പൂർണ്ണമായി വികസിപ്പക്കട്ടെ.

വത്തിക്കാനിൽ നിന്ന്

8 ഡിസംബർ 2019

**ഫ്രാൻസിസ് മാർപാപ്പ**



## 2020 ഫെബ്രുവരി 9 തിരുബാലസഖ്യദിനം

കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയ മാതാപിതാക്കളെ, സഹോദരീ സഹോദരേ വത്സലമക്കളേ,

1843 ൽ ഫ്രാൻസിൽ സ്ഥാപിതമായ തിരുബാലസഖ്യത്തെ 1922 -ൽ 11-ാം പീയൂസ് പാപ്പ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ 12 -ാം പീയൂസ് പാപ്പ തിരുബാലസഖ്യ ദിനം സാർവത്രിക സഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. സാർവ്വത്രിക സഭയോട് ചേർന്ന് ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ച്ചയായ ഇന്ന് (9. 02 .2020) ഭാരത സഭ തിരുബാല സഖ്യ ദിനമായി ആചരിക്കുകയാണ്. തിരുബാലസഖ്യത്തിലെ എല്ലാ അംഗങ്ങൾക്കും അവരെ നയിക്കുന്നവർക്കും ഈ നല്ല ദിനത്തിന്റെ എല്ല വിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു. അതോടൊപ്പം എല്ലാ മാതാപിതാക്കളും മുതിർന്നവരും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും വേണ്ടി ചില ചിന്തകൾ പങ്കുവയ്ക്കുന്നു.

ഫ്രാൻസിസ് പാപ്പയുടെ നിർദ്ദേശമനുസരിച്ച് 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി സമുചിതമായി ആചരിച്ചതിന്റെ തുടർച്ചയായി കേരള കത്തോലിക്കസഭ രണ്ടായിരത്തി ഇരുപതാമാണ്ട് "മിസ്സിയോ ദേയി 2020 " എന്ന പേര് നൽകി പ്രേഷിത വർഷമായി ആചരിക്കുകയാണ്. കേരളസഭയ്ക്കു മുഴുവൻ നവ പ്രേഷിത ചൈതന്യവും പ്രേഷിതമാനസാന്തരവും നല്കി., "നിങ്ങൾ ലോകമെങ്ങും പോയി സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" എന്ന നമ്മുടെ രക്ഷകനും നാഥനുമായ യേശുക്രിസ്തുവിന്റെ പ്രേഷിത ആഹ്വാനത്തെ പൂർവ്വാധികം കൃപയോടും തീക്ഷ്ണതയോടും ശിരസ്സാവഹിച്ച് ജീവിക്കാനും പ്രഘോഷിക്കാനുമുള്ള ദൗത്യം കേരള സഭ ഏറ്റെടുക്കുകയാണ്. ഈ പ്രേഷിത നവ ചൈതന്യം എല്ലാവരെക്കാളും ഉപരിയായി ജ്വലിപ്പിക്കേണ്ടത് കുഞ്ഞുമക്കളെയും യുവതലമുറയെയും ആണ്. നിങ്ങൾ ശിശുകളെപ്പോലെ ആകുവിൻ എന്നും കുഞ്ഞുങ്ങളെ കണ്ടു പഠിക്കുവിൻ എന്നും ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല (മത്താ 19 : 15) എന്നും, യേശു



പറഞ്ഞ സത്യങ്ങൾ നാം തിരിച്ചറിയണം. നന്മ മാത്രം നല്കിയും നന്മയുടെ പശ്ചാത്തലങ്ങൾ ഒരുക്കിയും കുഞ്ഞുങ്ങളുടെ രൂപീകരണത്തിൽ നമുക്ക് പങ്കുചേരണം. ഇന്ന് കുഞ്ഞുങ്ങൾ ഏറെ സങ്കീർണതകളിലൂടെ കടന്നുപോകുന്നു എന്ന് നാം മനസ്സിലാക്കണം. കുടുംബങ്ങളുടെ ശൈഥില്യവും മാതാപിതാക്കളുടെ ഇടയിലെ മത്സരങ്ങളും മദ്യപാനം, ലഹരി ഉപയോഗം എന്നിവയുടെ സമർദ്ദത്തിൽ ഉണ്ടാകുന്ന അക്രമങ്ങൾ അസമാധാനം, സാമ്പത്തിക പിന്നോക്കാവസ്ഥ, കുഞ്ഞുങ്ങളെ ദുരുപയോഗിക്കുന്നവരുടെ കഴുകൻ കണ്ണുകൾ - ഇവ നമ്മുടെ കുരുന്നുകളുടെ ജീവിതം അപഹരിക്കുകയാണ്. പ്രയത്തോടൊപ്പം വിരിയേണ്ട അവരുടെ വൈകാരിക ലൈംഗിക ജിജ്ഞാസകളും താത്പര്യങ്ങളും അറിവുകളും അനുഭവങ്ങളും വളരെ മുമ്പേതന്നെ ഉദ്ദീപിപ്പിക്കുന്ന ഇന്നത്തെ സാഹചര്യം മുതിർന്നവരായ നമ്മുടെ മുമ്പിലെ വെല്ലുവിളിയും കൃത്യമായ പ്രവർത്തനങ്ങൾക്കുള്ള ചുണ്ടുപലകയും ആവണം.

തിരുകുടുംബത്തിലെ ഉണ്ണിയായ യേശു വളർന്നുവന്നതുപോലെയാണോ ഇന്ന് നമ്മുടെ കുഞ്ഞുങ്ങൾ വളരുന്നത്. പരിശുദ്ധ കന്യകാമറിയവും യൗസേപ്പിതാവും ദൈവഹിതം ആരാഞ്ഞ് അതിനടിയറവു പറഞ്ഞ് ദിവ്യശിശുവായ യേശുവിനെ ദൈവിക ദൗത്യത്തിനായി (മിസ്സിയോ ദേയി) വളർത്തിയതു പോലെയാണോ ഇന്ന് മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങലെ വളർത്തുന്നത്. ക്രൈസ്തവ കുടുംബ ജീവിതം നയിക്കുന്ന നമ്മളോട് ദൈവവും കാലവും ചോദിക്കുന്ന ചോദ്യങ്ങളാണിവ.

പ്രേഷിത വർഷത്തിൽ കുഞ്ഞുങ്ങളെ യേശു വളർന്നതുപോലെ നാലു തലങ്ങളിൽ നമുക്ക് വളർത്തിയെടുക്കാം. ജ്ഞാനത്തിൽ പ്രായത്തിൽ, ദൈവപ്രീതിയിൽ, മനുഷ്യ പ്രീതിയിൽ. ഒന്നാമതായി, ജ്ഞാനത്തിൽ ഓരോ കുഞ്ഞും വളർന്നുവരണം. അത് ബുദ്ധിയല്ല, ജ്ഞാനമാണ്. അറിവല്ല, തിരിച്ചറിവാണ്. രണ്ടാമതായി, പ്രായത്തിൽ വളർന്നവരമം. പ്രായം എന്നത് ശരീരത്തിന്റെ വളർച്ചവ മാത്രമല്ല. ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം കുഞ്ഞുവളരുന്നത് അപ്പംകൊണ്ട് മാത്രമല്ല, വചനങ്ങൾ കൊണ്ടും കൂടിയാണ്. അതിനാൽ കുഞ്ഞുമനസ്സുകൾ വചനത്തിനായി തുറക്കപ്പെടണം. മൂന്നാമതായി കുഞ്ഞുങ്ങൾ ദൈവപ്രീതിയിൽ വളർന്നുവരണം ശരീരത്തെ ദേവാലയമാക്കുന്നതാണ് ദൈവപ്രീ

തി. നാലാമതായി ഓരോ മനുഷ്യപ്രീതിയിൽ വളർന്നുവരണം. ഒപ്പം നിൽക്കുന്നവരെ പ്രകാശിപ്പിക്കുന്ന മാനുഷിക ഗുണങ്ങളെ സ്വന്തമാക്കാലണ്. ഇപ്രകാരം കുട്ടികളുടെ ശാരീരികവും മാനസികവു ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമാണ്.

പ്രേഷിത മാനസാന്തരത്തിന്റെ ഈ അസുലഭ അവസരത്തിൽ കുഞ്ഞുങ്ങളെ ക്രിസ്തുവിലേക്ക് അടുപ്പിക്കുകയാണ് പരമപ്രധാനമായ ദൗത്യം "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന അപ്പസ്തോലിക പ്രബോധനത്തിൽ പ്രാൻസിസ് പാപ്പ പറയുന്നത് ജീവിതത്തിലെ ഒരേ ഒരു ദുരന്തം വിശുദ്ധനാകാത്തതാണ് എന്നാണ്. കുഞ്ഞുങ്ങളഎയും നമ്മെയും അനുദിനം വിശുദ്ധരായി മാറ്റാൻ നാല് ആത്മീയ പാതകൾ തിരഞ്ഞെടുക്കണമെന്ന് ഫ്രാൻസിസ് പാപ്പ അസാധാരണ പ്രേഷിത മാസാചരണത്തിന്റെ അവസരത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു.

1. എല്ലാ കുഞ്ഞുങ്ങളെയും ദൈവചനത്തിലും ദിവ്യബലിയിലും പ്രാർത്ഥനകളിലും സജീവമായി പങ്കെടുപ്പിച്ച് അവരെ ക്രിസ്തുവിനെ കണ്ടുമുട്ടാൻ സഹായിക്കുക.
2.. ക്രിസ്തു സ്നേഹത്തെപ്രതി പ്രേഷിതവേലയ്ക്കു സ്വയം സമർപ്പിച്ചു കടന്നുപോയ വിശുദ്ധരും രക്തസാക്ഷികളുമായുള്ള ആത്മീയ സംസർഗം ശക്തിപ്പെടുത്തുക. ഇതുവഴി വിശുദ്ധരുടെ മാതൃകയും ചൈതന്യവും കുഞ്ഞുമനസ്സുകളെ സ്വാധീനിക്കാൻ കാരണമാകും.
3. പ്രേഷിത ദൗത്യം തിരിച്ചറിയാനും അതിൽ പൂർണ്ണമായി സമർപ്പിക്കാനും പ്രേഷിത രൂപീകരണം നേടുക. ഈ പ്രേഷിത രൂപീകരണത്തിന്റെ ആദ്യപാഠങ്ങൾ അഭ്യസിക്കാനുള്ള ഏറ്റവും നല്ല കാലഘട്ടമാണ് ബാല്യം.
4. ജീവകാരുണ്യ പ്രവർത്തികൾ ചെയ്യുന്നതിന് കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. കുടുംബം ഇന്ന് കാരുണ്യത്തിന്റെ കരങ്ങൾ അവശർക്കും ആലംബഹീനർക്കുമായി നീട്ടേണ്ടത് കുരുന്നുകരങ്ങളിലൂടെയാണ്. സ്വാർത്ഥതയുടെ ഈ ലോകത്ത് പൗലോസപ്പസ്തോലൻ പറയുന്നതുപോലെ "ഓരോരുത്തരും തങ്ങളുടെ കാര്യങ്ങൾ മാത്രം നോക്കിയാൽപോര, മറ്റുള്ളവരെ തങ്ങളെക്കാൾ വിലപ്പെട്ടവരായി കരുതണം".



പ്രേഷിത വർഷത്തിലെ തിരുബാലസഖ്യദിനത്തിൽ "സ്നേഹത്തിന്റെ ആനന്ദത്തിൽ" ഫ്രാൻസിസ് പാപ്പ നമ്മോട് ചോദിക്കുന്ന ചോദ്യം വിചിന്തനം ചെയ്യുന്നത് സമുചിതമാണ്. എവിടെയാണ് നമ്മുടെ കുട്ടികൾ അവരുടെ ആത്മാവിന്റെ സ്ഥിതി നമ്മൾ അറിയുന്നുണ്ടോ (AL 261).

പ്രേഷിതവർഷാചരണത്തിലൂടെ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ സഹായിക്കുന്ന ഏതാനും നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വിശ്വാസം പകർന്നു നല്കുന്ന പ്രഥമ അധ്യാപകർ മാതാപിതാക്കൾ ആണെന്ന് മനസ്സിലാക്കുക.
2. ധാർമ്മിക പരീശീലനം മാതാപിതാക്കളുടെ ഉത്തരവാദിത്വമാണന്ന് തിരിച്ചറിയുക.
3. നന്മയ്ക്കുവേണ്ടിയുള്ള ദാഹം കുട്ടികളിൽ ജനിപ്പിക്കുക.
4. വിശുദ്ധിയിൽ വളരാൻ കൊച്ചു കാര്യങ്ങൾ ശ്രദ്ധ പതിപ്പിക്കുക.
5. കുടുംബങ്ങൾ ദൈവവിളിയുടെ വിളനിലങ്ങളാക്കുക.
6. ക്രിസ്തുവിനോടും വിശുദ്ധ ഗ്രന്ഥത്തോടുമുള്ള ആത്മബന്ധം ജനിപ്പിക്കുന്ന പ്രാർത്ഥനാവേളകൾ അനുദിനം കുടുംബങ്ങളിൽ ശീലമാക്കുക.
7. തകരുന്ന കുടുംബങ്ങളിൽ തകർന്നു പോകുന്നത് കുഞ്ഞുങ്ങളാണെന്ന സത്യം മനസ്സിലാക്കുക.
8. മാറുന്നലോകത്ത് മാറാത്ത ക്രൈസ്തവ മൂല്യങ്ങളെ മുറുകെ പിടിക്കാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കുക.
9. വഴിതെറ്റിക്കുന്ന സാമൂഹ്യമാധ്യമങ്ങളിൽ നിന്നും വീഡിയോ ഗെയിമുകളിൽ നിന്നും സൈറ്റുകളിൽ നിന്നും അകലം പാലിക്കാൻ മക്കളെ ശീലിപ്പിക്കുക.
10. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലകളിലേക്കും കുട്ടികളെ കടത്തിക്കൊണ്ടുപോവുകയും ചെയ്യുന്ന സാഹചര്യങ്ങളെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കുക.

കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ല ബാലികാ ബാലാകന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. ആഴ്ചയിൽ ഒരു ദിവസം തിരുബാലസംഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഇടവകയിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുത്തുകയും കാരുണ്യപ്രവർത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്നുനില്ക്കുവാൻ പ്രേരിപ്പിക്കുകയും പ്രേഷിത ചൈതന്യത്തിൽ വളർത്തുകയും ചെയ്യും. നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും കാരുണ്യവാനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രിയ കുട്ടികളെ, നിങ്ങളെ എല്ലാവരെയും ഉണ്ണി ഇയേശുവിന് സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗ്ഗസ്ഥനായ പിതാവിന് ഇഷ്ടപ്പട്ട മക്കളായി വളരാൻ പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനാശംസകളോടെ,

**ആർച്ചു ബിഷപ്പ് തോമസ് മാർ കൂറിലോസ്**
**ആർച്ചു ബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
**ബിഷപ്പ് ജെയിംസ് ആനാപറമ്പിൽ**

20 - 01 - 2020
പി. ഒ. സി., കൊച്ചി - 682 025





## സിനഡ് അനന്തര സർക്കുലർ

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹാശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും, വൈദികർക്കും, സമർപ്പിതർക്കും, തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുത്തുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ ആസ്ഥാന കാര്യലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ജനുവരി 10 മുതൽ 15 വരെ നടന്ന വിവരം നിങ്ങൾക്കറിയാമല്ലോ. തീക്ഷ്ണമായ പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും സിനഡിന്റെ വിജയത്തിനായി സഹായിച്ച എല്ലാവരെയും ഞാൻ നന്ദിയോടെ ഓർമ്മിക്കുന്നു. മൂന്നു ദിവസം നീണ്ട ഒരുക്ക ധ്യാനത്തിനു ശേഷമാണ് പിതാക്കന്മാർ സിനഡിലേയ്ക്ക് പ്രവേശിച്ചത്. സിനഡിന്റെ പ്രാരംഭത്തിൽ ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് ജാൻത്തീസ്തദി ക്വാത്രോ സിനഡിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. നമ്മുടെ സഭയിലെ 64 മെത്രാന്മാരിൽ 57 പേർ സിനഡിൽ സംന്ധിച്ചു. സഭയെയും നമ്മുടെ നാടിനെയും സംബന്ധിക്കുന്ന ഒട്ടനവധി വിഷയങ്ങളിൽ സിനഡ് ക്രിയാത്മകമായ ചർച്ചകൾ നടത്തി തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

### 1. കാർഷികരംഗം

കേരളത്തിലെ കാർഷികരംഗം ഗുരുതരമായ പ്രതിസന്ധികളിലൂടെയാണ് കടന്നു പോകുന്നത്. കാർഷികോൽപന്നങ്ങളുടെ വില തകർച്ചമൂലം കർഷക കുടുംബങ്ങൾ ഉപജീവനത്തിന് വകയില്ലാതെ ഉഴലുകയാണ്. തുടർച്ചയായുണ്ടായ പ്രളയങ്ങൾ കേരളത്തിലെ കർഷകരുടെ ജീവനും സ്വത്തിനും ഭീഷണിയായി മാറിയിട്ട് കാലമേറെയായി.കർഷകർ അനുഭവിക്കുന്ന ദുരവസ്ഥ പരിഹരിക്കാനായി പൊതുസമൂഹവുമായി ചേർന്ന് സഭ സജീവമായി രംഗത്തിറങ്ങണമെന്ന് സിനഡ് തീരുമാനിച്ചു. കർഷകരുടെ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ കർഷകരുടെ മഹാസംഗമങ്ങൾ നടത്തിയ രൂപതകളെ സിനഡ് അഭിനന്ദിച്ചു.

കർഷക പെൻഷൻ പ്രതിമാസം പതിനായിരം രൂപയായി ഉയർത്തുക, കാർഷിക കടങ്ങൾ എഴുതി തള്ളുക വന്യമൃഗങ്ങളെ വനാതിർത്തിക്കുള്ളിൽ നിലനിർത്താൻ ആവശ്യമായ നടപടികളെടുക്കുക, സർക്കാർ സത്വരമായി ഇടപ്പെടുക, കാർഷിക ഉൽപനന്നങ്ങൾക്ക് ഡോ. എം എസ്. സ്വാമിനാഥൻ കമ്മീഷൻ നിർദേശം അനുസരിച്ച് താങ്ങുവില നിശ്ചയിക്കുക, കാർഷിക ജോലികൾ ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് കർഷകർ സർക്കാരിന് മുമ്പിൽ വയ്ക്കുന്നത്. കർഷകരുടെ തികച്ചും ന്യായമായ ഈ ആവശ്യങ്ങളോട് ഉദാരപൂർണമായ സമീപനം സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുമെന്ന് സിനഡ് പ്രത്യാശിക്കുകയാണ്. " തന്റെ ജനത്തിന്റെ ക്ലേശങ്ങൾ കാണുകയും അവരുടെ രോദനം കേൾക്കുകയം ചെയ്യുന്ന ദൈവം "നല്ല കാലാവസ്ഥയും സമൃദ്ധിയും നൽകി നമ്മുടെ കർഷകരെ അനുഗ്രഹിക്കാനായി നമുക്ക് പ്രാർത്ഥിക്കാം.

## 2.പൗരത്വ ഭോദഗതി നിയമം

പൗരത്വഭേദഗതി നിയമത്തെക്കുറിച്ച് രാജ്യത്ത് നിലവിലുള്ള ആശങ്കകളും അസ്വസ്ഥതകളും പരിഹാരിക്കാൻ തയ്യാറാകണമെന്ന് സിനഡ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. ഭാരതത്തിന്റെ പവിത്രമായ ഭരണഘടന അവികലമായി പരിരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്താൻ നിയമ നിർമ്മാതാക്കൾ ശ്രദ്ധിക്കണം. ഭരണ ഘടനയുടെ അടിസ്ഥാന മൂല്യങ്ങളിലൊന്നായ മതേതരത്വം ഈ നിയമം മൂലം സംശയത്തിന്റെദൃഷ്ടിയിൽ നിൽക്കാൻ ഇടവരരുത്. തിരിച്ചുപോകാൻ ഇടമില്ലാത്ത വിധം രാജ്യത്തുള്ള അഭയാർഥികളെ മത പരിഗണന കൂടാതെ സ്വീകരിക്കാനും പൗരത്വം നൽകാനും സർക്കാർ തയ്യാറാകണം എന്നതാണ് സഭയുടെ നിലപാട്. പുതുതായി പൗരത്വം നല്കുന്നവരെ പുനരധിവസിപ്പിക്കുമ്പോൾ വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ സാംസ്കാരിക പൈതൃകത്തെ കൂടി സർക്കാർ പരിഗണിക്കണം. അഭയാർത്ഥികളിൽ ചിലരെ മതാടിസ്ഥാനത്തിൽ വേർതിരിക്കാനും പൗരത്വം നിഷേധിച്ച് സ്ഥിരമായി അഭയാർത്ഥിക്യാമ്പുകളിൽ പാർപ്പിക്കാനുമുള്ള നീക്കം ഉപേക്ഷിക്കണം. ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാടിൽ കൂടുതൽ വ്യക്തത ആവശ്യമാണ്. സർക്കാർ നിയമങ്ങളെ എതിർക്കാൻ അക്രമമാർഗങ്ങൾ സ്വീകരിക്കുന്നതും ജനകീയസമരങ്ങളെ ക്രൂരമായി അടിച്ചമർത്തി നിശബ്ദമാക്കാൻ ശ്രമിക്കുന്നതും ഒരു പോലെ അധാർമികമാണ്. ഭാരതം എന്ന മഹത്തായ രാജ്യത്ത് മതേതരത്വവും തുല്യനീതിയും നടപ്പിലാകുന്നുണ്ടെന്ന് ഓരോ പൗരനെയും ബോധ്യപ്പെടുത്താൻ ഭരണകൂടത്തിന് ഉത്തരവാദിത്വമുണ്ട്.



## 3.ന്യൂനപക്ഷക്ഷേമ പദ്ധതികളിലെ വിവേചനം

ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർതലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ക്രൈസ്തവർ വിവേചനം അനുഭവിക്കുന്നതായി സിനഡ് വിലയിരുത്തി. നിയമപരമായി തന്നെ കേരളത്തിലെ ന്യൂനപക്ഷ വകുപ്പ് ചിലവിടുന്ന തുകയുടെ 80 % ഒരു ന്യൂനപക്ഷ വിഭാഗത്തിനു മാത്രമായി സംവരണം ചെയ്തിരിക്കുകയാണ്. ശേഷിക്കുന്ന 20% ആണ് ന്യൂനപക്ഷങ്ങളിലെ മറ്റ് 5 വിഭാഗങ്ങൾക്കുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഈ അനീതി പരിഹരിച്ച് ജനസംഖ്യാനുപാതികമായി ന്യൂനപക്ഷ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സർക്കാർ നചപടി സ്വീകരിക്കണം.

വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനം കേന്ദ്രങ്ങളായി 45-ൽ പരം സെന്ററുകൾ സർക്കാർ ചിലവിൽ ന്യൂനപക്ഷ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും നീതിപൂർവ്വകമായി വിഭജിച്ച് നൽക്കാൻ സർക്കാർ തയ്യാറാകണം. കൂടാതെ ജില്ലാതല ന്യൂനപക്ഷ കോർഡിനേഷൻ കമ്മിറ്റികളിലെ അംഗങ്ങളിൽ ക്രൈസ്തവപ്രാതിനിധ്യം നാമമാത്രമായി ചുരുക്കിയത് നീതിപൂർവ്വമാണോ എന്ന് വിലയിരുത്തേണ്ടതും സർക്കാരാണ്.

## 4. മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാരുടെ സംവരണം.

സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ( ഇ. ഡബ്യ്യു. എസ്.) സർക്കാർ സർവീസിലും ഉന്നത വിദ്യാഭ്യാസരംഗത്തും 10 ശതമാനം സംവരണം എന്ന കേന്ദ്ര നിയമം നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന മന്ത്രിസഭ കൈക്കൊണ്ട തീരുമാനത്തെ സിനഡ് സ്വാഗതം ചെയ്യുന്നു. സർക്കാർ സർവ്വീസുകളിൽ സംവരണേതര ക്രൈസ്തവ വിഭാഗങ്ങൾ പുറന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്ന ഇപ്പോഴത്തെ അവസ്ഥയിൽ പ്രത്യാശയ്ക്ക് വക നൽകുന്ന നടപടിയാണിത്.

എന്നാൽ, സംവരണത്തിന് മാനദണ്ഡമായി കേന്ദ്രസർക്കാർ നിശ്ചയിച്ച ഭൂപരിധി സംസ്ഥാനസർക്കാർ പുനർനിർണ്ണയിച്ചത് അനീതിപരമാണെന്ന് സിനഡ് വിലയിരുത്തി. ഭൂപരിധി സംബന്ധിച്ച കേന്ദ്രമാനദണ്ഡമായ 5 ഏക്കറിൽനിന്ന് 2.5 ഏകർ ആയി സംസ്ഥാന ഗവൺമെന്റ് കുറച്ചിരിക്കുകയാണ്. ഇതിനോടകം സാമ്പത്തിക സംവരണം നടപ്പിലാക്കിയ ഒരു സംസ്ഥാനവും കൃഷി ഭൂമിയുടെ അളവ്

കേന്ദ്ര മാനദണ്ഡത്തിൽ നിന്ന് താഴ്ത്തി നിശ്ചയിച്ചിട്ടില്ല എന്നിരിക്കെ കേരളം മാത്രം ഭൂപരിധി വെട്ടിക്കുറിച്ചത് സർക്കർ പുനപരിശോധിക്കേണ്ടതാണ്. കെ. എ. എസ്. ഉൾപ്പടെ പി. എസ്. സി ഇപ്പോൾ അപേക്ഷ ക്ഷണിച്ചിരിക്കുന്ന തസ്തികകൾക്കുകൂടി ബാധകമാകത്തക്ക വിധത്തിൽ മുൻകാലപ്രാബല്യത്തോടെ സംസ്ഥാനത്ത് 10 ശതമാനം ഇ. ഡബ്ല്യു. എസ്. സംവരണം നടപ്പിൽ വരുത്തുന്നതിനുള്ള തീരുമാനം ഉണ്ടാകണമെന്ന് സിനഡ് സംസ്ഥാനസർക്കാരിനോട് ആവശ്യപ്പെടുന്നു.

## 5. ക്രൈസ്തവർക്കെതിരായ അക്രമങ്ങൾ

ആഗോള തലത്തിൽ ക്രൈസ്തവർക്കെതിരേ വർദ്ധിച്ചവരുന്ന പീഡനങ്ങളിൽ സിനഡു പിതാക്കന്മാർ ആശങ്ക രേഖപ്പടുത്തി. ക്രിസ്തുമസ്സ് നാളിൽ നൈജീരിയായിൽ നടന്ന ക്രിസ്ത്യൻ കൂട്ടക്കുരുതി മനുഷ്യമനസ്സാക്ഷിയെ നടുക്കുന്നതായിരുന്നു. പ്രണയക്കുരുക്കിൽപ്പെട്ട് കേരളത്തിലും ഇതര സംസ്ഥാനങ്ങളിലും ക്രിസ്ത്യൻ പെൺകുട്ടികൾ കൊല്ലപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണണ്ടതാണ്.

മതസൗഹാദ്ദത്തെയും സാമൂഹിക സമാധാനത്തെയും അപകടപ്പെടുത്തുന്ന രീതിയിൽ ദുരുദ്ദേശപരമായ മതാന്തരപ്രണയങ്ങൽ കേരളത്തിൽ വർദ്ധിച്ചു വരുന്നത് ആശങ്കാജനകമാണ്. ക്രിസ്ത്യൻ പെൺകുട്ടികളെ ലക്ഷ്യമാക്കി ആസൂത്രിതമായ തോതിൽ ഇത്തരം നീകങ്ങൾ നടക്കുന്നു എന്നത് വസ്തുതയാണ്. കേരളത്തിൽ നിന്ന് ഐ. എസ്. ഭീകര സംഘടനയിലേക്ക് പോലും കിസ്ത്യൻ പെൺകുട്ടികൾ റിക്രൂട്ട് ചെയ്യപ്പെട്ടു എന്നത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്.

മതങ്ങൾ തമ്മിലുള്ള സൗഹൃദത്തെ ബാധിക്കുന്ന തരത്തിൽ ഇത്തരം പ്രണയബന്ധങ്ങളെ ആരും മനസിലാക്കരുത്. ഈ വിഷയത്തെ മതപരമായി മനസ്സിലാക്കാതെ സമൂഹത്തെ ദോഷകരമായി ബാധിക്കുന്ന ക്രമസമാധാനം പ്രശ്നമായോ ഭീകരവാദപ്രവർത്തനമായോ മനസ്സിലാക്കി നിയമങ്ങൾ സത്വര നടപടി എടുക്കണമെന്ന് സിനഡ് ആവശ്യപ്പെടുന്നു. ഈ വിഷയത്തിന്റെ അപകടങ്ങളെക്കുറിച്ച് രക്ഷകർത്താക്കളെയും കുട്ടികളെയും ഒരുപോലെ ബോധവൽക്കരിക്കാൻ ഉള്ള ശ്രമങ്ങൾ ആരംഭിക്കണമെന്നും സിനഡ് തീരുമാനിച്ചു.

## 6.ആരാധനാ ക്രമം

1989-ൽ നടപ്പിലാക്കിയ സീറോ മലബാർ കുർബാനക്രമത്തിന്റെ പരിഷ്കരണം സഭയുടെ ചിരകാല ആഗ്രഹമായിരുന്നു. നമ്മുടെ സഭ



യുടെ കുർബാന ക്രമത്തിന്റെ നവീകരണത്തെക്കുറിച്ച് സിനഡ് പിതാക്കന്മാർ വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. വിവിധ രൂപതകളിൽ നിന്നുലഭിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ സഭയുടെ കേന്ദ്ര ലിറ്റർജി കമ്മീഷനും പ്രത്യേക ആരാധനക്രമ സമിതിയും വിശദമായി പഠിച്ചു തയ്യാറാക്കിയ പരിഷ്കരിച്ച കുർബാനക്രമമാണ് സിനഡിൽ ചർച്ച ചെയ്യപ്പെട്ടത്. പ്രാർത്ഥനയിലും പരിശുദ്ധാത്മാവിന്റെ ചൈതന്യത്തിലും വിശദമായ ചർച്ചകൾക്കും ആഴമായ വിചിന്തനങ്ങൾക്കും ശേഷം നമ്മുടെ കുർബാനയുടെ പരിഷ്കരിച്ച ക്രമം സിനഡ് പിതാക്കന്മാർ ഐക്യ കണ്ഠ്യേന അംഗീകരിച്ചു. പരിഷ്കരിച്ച കുർബാനക്രമം പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. മാർപാപ്പയുടെ അംഗീകാരത്തോടെ പരിഷ്കരിച്ച കുർബാനക്രമം നമ്മുടെ സഭയിൽ നടപ്പിൽ വരുന്നതാണ്.

വി. കുർബാനയുടെ അർപ്പണ രീതിയിലുള്ള ഏകീകരണം എന്ന ലക്ഷ്യത്തോടെ 1999 നവംബർ മാസത്തിലെ സിനഡിൽ ഐക്യകണ്ഠ്യേന എടുത്ത തീരുമാനമാണ് സിനഡിന്റെ ഔദ്യോഗിക നിലപാട്. പരിശുദ്ധ കുർബാന അർപ്പണ രീതിയിൽ ഐക്യം ഉണ്ടാകേണ്ടതിന്റെ ആവശ്യകത സിനഡ് ഊന്നി പറയുകയും ഐക്യത്തിലേയ്ക്ക് നിങ്ങാൻ എല്ലാവരെയും ആഹ്വാനം ചെയ്യുകയും ചെയ്തു. ''അൾത്താരയിലെ ഒരുമയാണ് സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനം''. എന്ന ബനഡിക്റ്റ് മാർപാപ്പയുടെ ചിന്ത നമുക്ക് മാർഗ്ഗദർശനമാകട്ടെ. നാം ആശീർവദിക്കുന്ന പാനപാത്രവും നാം മുറിക്കുന്ന അപ്പവും നമ്മെ കർത്താവിന്റെ ശരീരമായ സഭയുടെ കൂട്ടയ്മയിൽ ഒരുമിപ്പിക്കുകയാണ് ചെയ്യുന്നത് (1കോറി 10 : 16) എന്ന സത്യം വിസ്മരിക്കാതിരിക്കാം.

## 7.നന്ദി അഭിനന്ദനങ്ങൾ

കാഞ്ഞിരപ്പള്ളി രൂപതയുടെ അദ്ധ്യക്ഷനായി 18 വർഷക്കാലം രൂപതയെ മാതൃകാപരമായി നയിച്ച അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് 75 വയസ്സ് പൂർത്തിയായതിനെ തുടർന്ന് രൂപതാ ഭരണത്തിൽ നിന്ന് വിരമിക്കുകയാണ്. പിതാവിന്റെ നിസ്തുലങ്ങളായ സേവനങ്ങളെയും ദീർഘവീക്ഷണത്തോടെയുള്ള നേതൃത്വത്തെയും സഭ മുഴുവനോടുമുള്ള കരുതലിനെയും ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. കാഞ്ഞിരപ്പള്ളി രൂപതയുടെ സഹായമെത്രാനായിരുന്ന മാർ ജോസ് പുളിക്കൽ പിതാവിനെയാണ് അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്റെ പിൻഗാമിയായി സിനഡ് തിരഞ്ഞെടുത്തിരിക്കുന്നത്. പുതിയ ദൗത്യ

ത്തിൽ അഭിവദ്യ പിതാവിനും കാഞ്ഞിരപ്പള്ളി രൂപതയ്ക്കും എല്ലാ നന്മകളും ആശംസിക്കുന്നു. പാലക്കാട് രൂപതയുടെ സഹായ മെത്രനായി ഫാ. പീറ്റർ കൊച്ചുപുരയ്ക്കലിനെ സിനഡ് തിരഞ്ഞെടുത്തു. നിയുക്ത സഹായമെത്രാനും രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിനും പാലക്കാട് രൂപതയ്ക്കും എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

2019 ആഗസ്റ്റ് മാസത്തിലെ സിനഡിന്റെ തീരുമാനപ്രകാരം മേജർ ആർച്ചു ബിഷപ്പിന്റെ വികാരിയായി എറണാകുളം അങ്കമാലി അതിരൂപതയിൽ നിയമിതനായ ആർച്ചു ബിഷപ്പ് മാർ ആന്റണി കരിയിൽ അതിരൂപതയുടെ ഇപ്പോഴത്തെ അജപാലന പ്രവർത്തനങ്ങളെക്കുറിച്ച് സിനഡിനെ അറിയിച്ചു. പിതാവ് അറിയിച്ച് കാര്യങ്ങളെക്കുറിച്ച് സിനഡ് വിശദമായി ചർച്ച ചെയ്തു. മാർ ആന്റണി കരിയിൽ പിതാവ് അതിരൂപതയിൽ ചെയ്യുന്ന സേവനങ്ങളെയും അദ്ദേഹത്തിന്റെ അജപാലന ശൈലിയെയും സിനഡു പിതാക്കന്മാർ അഭിനന്ദിച്ചു.

### ഉപസംഹാരം

നമ്മുടെ സഭയ്ക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി കർത്താവിന്റെ മനസ്സിലുണ്ട്. എന്ന് നമുക്ക് തിരിച്ചറിയാം (ജെറ 29 : 11) നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യം നമുക്ക് കൂട്ടായിരിക്കട്ടെ.

**സ്നേഹാശംസകളോടെ,**
**കർദിനാൾ ജോർജ് ആലഞ്ചേരി**
**സീറോ മലബർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്**

---

**N.B.:** കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചു ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ന് ജനുവരി മാസം 15-ാം തീയതി നൽകപ്പെട്ടത്.



# രൂപതാകാര്യാലയം

## 1. Pope's Monthly Intention for February 2020

**മനുഷ്യനായി അവതരിച്ച മിശിഹായെ ലോകത്തിന്റെ വിവിധ ഭാഗത്ത് കഴിയുന്ന കുടിയേറ്റ ജനതയുടെ നിലവിളി കേൾക്കുവാനും മനുഷ്യത്വത്തിന് വിലകല്പിക്കാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന പ്രദേശങ്ങളിൽ നമ്മുടെ സഹോദരീ സഹോദരന്മാർ സുരക്ഷിതരായിരിക്കുവാനും ക്രിമിനൽ കടത്തിന് ഇരയായ സഹോദരിമാരുടെ നിലവിളികേട്ട് അവർക്കാവശ്യമായ ആശ്വാസം ലഭിക്കുന്നതിനുവേണ്ടിയും പരിശുദ്ധ പിതാവിനോടൊപ്പം നമുക്കും പ്രാർത്ഥിക്കാം.**

## 2. ഓർമിക്കേണ്ട ദിവസങ്ങൾ

1 **ദനഹാ നാലാം ശനി**
- ♦ ആദ്യ ശനി

2 **ദനഹാ നാലാം ഞായർ**
- ♦ നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശനം

4 **ദനഹാ അഞ്ചാം ചൊവ്വ**
- ♦ വി. ജോൺ ബ്രിട്ടോ

7. **ദനഹാ അഞ്ചാം വെള്ളി**
- ♦ ഗ്രീക്കു സഭാപിതാക്കന്മാർ

9 **ദനഹാ ആറാം ഞായർ**

14 **ദനഹാ ആറാം വെള്ളി**
- ♦ സുറിയാനി സഭാപിതാക്കന്മാർ
- ♦ ഇടവകമാധ്യസ്ഥന്റെ തിരുനാൾ

16 **ദനഹാ ഏഴാം ഞായർ**

21 **ദനഹാ ഏഴാം വെള്ളി**
- ♦ സകല മരിച്ചവരുടെയും ഓർമ്മ

24 **ദനഹാ ഏഴാം ശനി**

- ♦ വി. പൊളിക്കാർപ്പ്

**നോമ്പുകാലം**

23. **നോമ്പ് ഒന്നാം ഞായർ**
25. **നോമ്പ് ഒന്നാം ചൊവ്വ**

- ♦ വാഴ്ത്തപ്പെട്ട സി. റാണി മരിയ

### 3. Transfers and Appointments of Priests' 2020 February :

| Names & Surname | Parishes | Designation |
|---|---|---|
| Rev. Fr. Ambatt Mathew | Kutrupady, Padavu & Mardala | Asst. Vicar |
| Rev. Fr. Changamcheril Jacob CMI | Jadkal & Kundapura | " |
| Rev. Fr. Cheriapally Sebastian | Mudur | " |
| Rev. Fr. Kottarathil Mathew | Thottathady & Kanchal | " |
| Rev. Fr. Parambanattu Joseph OFM Cap. | Bajagoli, Mala-Chowki & Kervashe | " |
| Rev. Fr. Puthiyakunnel Christy | Kankanady & Kattipalla | " |
| Rev. Fr. Puthuparambil Joseph | Nellyady, Arla & Ichilampady | " |
| Rev. Fr. Vellachalil Mathew | Dharmasthala & Bolminar | " |

### 4. Let us pray for Rev., Priests :
**Birth day**

| | |
|---|---|
| Mathew Kottarathil | 05 |
| Devasia Vadakkeveettil | 08 |
| Joseph Valookaran | 22 |
| Joseph Kurialassery | 28 |

5. **വൈദികരുടെയും, പള്ളികണക്കൻമാരുടെയും പരിശിലനം** :

വൈദികരുടെയും, പള്ളികണക്കന്മാരുടെയും ഒരു ദിവസത്തെ പരിശീലന പരിപാടി ജനുവരി മാസം 21 തിയതി രാവിലെ 9 -30 മുതൽ



വൈകുന്നേരം 4 മണിവരെ ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ടു. 85 പേർ പങ്കെടുത്തു. ഓഡിറ്റർ ശ്രി. ജോസ് വൈപനയാണ് ക്ലാസ്സുകൾക്ക് നേതൃത്ത്വം നൽകിയത്.

### 6. Plenary Assembly of Catholic Bishops' of India

സി. ബി. സി. ഐ. യുടെ Plenary Assembly ബംഗളുരു സെന്റ് ജോൺസ് ഹോസ്പിറ്റലിൽ വച്ച് ഫെബ്രുവരി 13 മുതൽ 19 വരെ നടക്കുന്നു. ഭരതത്തിലെ എല്ലാ കത്തോലിക്ക മെത്രാൻമാരും പങ്കെടുക്കുന്നതാണ്. ഇതിന്റെ വിജയത്തിനായി നമ്മുക്ക് പ്രാർത്ഥിക്കം.

7. **രൂപതാ കൺസല്ട്ടേഴ്സ് മീറ്റിംഗ്** : ജനുവരി 6-ാം തിയതി രാവിലെ 9.30 ന് മുതൽ ഉച്ചവരെ രൂപതാ ആലോചനാസമിതിയുടെ സമ്മേളനം അഭി. ലോറൻസ് മുക്കുഴി പിതാവിന്റ അദ്ധ്യക്ഷതയിൽ നടന്നു.

8. പിരിവ് : **Holy Childhood Day - 9th February 2020**

**Fr. Lawrence Poonolil**
Chancellor



# വിശ്വാസപരിശീലന രംഗം

''ഉന്നതത്തിൽ വസിക്കുന്ന ദൈവം നിൻെറ മാർഗം ശുഭമാക്കും. അവിടുത്തെ ദൂതൻ നിന്നെ കാത്തുകൊള്ളും.''

(തോബിത്5:16)

♦ **വിശ്വാസ പരിശീലന ക്ലാസ്സുകളുടെ സന്ദർശനം.**

ജനവരി- 05 മുദൂർ, ജഡ്കൽ, ജനവരി-19 അർള, ജനവരി- 26 ധർമ്മസ്ഥല, ദേവഗിരി, മൂർജെ എന്നീ ഇടവകകളിൽ രൂപതാ റ്റീം അംഗങ്ങൾ വിശ്വാസ പരിശീലന ക്ലാസ്സുകൾ സന്ദർശിച്ചു. ഇതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തു തന്ന് സഹായിച്ച ബഹു. വികാരി അച്ചന്മാർക്കും അദ്ധ്യാപകർക്കും പ്രത്യേകം നന്ദി.

**അടുത്ത വിസിറ്റുകൾ: (മാറ്റങ്ങൾ ശ്രദ്ധിക്കുക)**

**February 02** - Siddapura-Kodagu, Banavara And Kanjal
**February 09** - Bajagoli, Mala- chowki, Hebri And Ajekar.
**February 16** - 7th Hoskote, Heggala,Gonikoppalu And Murnadu.
**February 23** - Manipal, Kalmakki, Maddody, Shirur And Kundapur.
**March 01** - Nellyady, Puttur, Sullia And Sampaje.
**March 08** - Siddapura-Kundapura, Ajiri, Thotathady And Katipalla.
**March 15** - Battial, Bolminar And Kalanja

**വാർഷിക പരീക്ഷ: - മാർച്ച് 29 (10.30 - 1.00)**

**10-ാം ക്ലാസ്സിന്: ഏപ്രിൽ 18 (10.30 - 1.00)**

**2020 വിശ്വാസപരിശീലന വാർഷിക പരീക്ഷാ സിലബസ്സ്:**

*** പാഠപുസ്തകത്തിൽനിന്നും:**

1 മുതൽ 10 വരെ ക്ലാസ്സുകൾക്ക് 1 മുതൽ 15 വരെ അദ്ധ്യായങ്ങൾ.
11, 12 ക്ലാസ്സുകൾക്ക് 1 മുതൽ 12 വരെ അദ്ധ്യായങ്ങൾ.

*** പൊതുവിജ്ഞാനം:**

1. കത്തോലിക്കാ സഭ
2. ബൈബിൾ - ജനറൽ.

*** നന്ന പ്രാർത്ഥനെ പുസ്തകം:**

*** സൺഡസ്കൂൾ ഉപപാഠപുസ്തകം:**

4-ാം ക്ലാസ്സ് -വി. ചാവറ കുരിയാക്കോസ് വി. അൽഫോൻസാ
5-ാം ക്ലാസ്സ് -വി. ക്ലാര, വി. ഡോൺ ബോസ്കോ
6-ാം ക്ലാസ്സ് -വി. മരിയ ഗൊരേത്തി, വി. അലോഷ്യസ് ഗോൺസാഗ
7-ാം ക്ലാസ്സ് -വി. പത്താം പിയൂസ്, വി. ഇഗ്നേഷ്യസ് ലയോള
8-ാം ക്ലാസ്സ് -വി. ഡാമിയൻ, വി. മദർ തെരേസാ
9-ാം ക്ലാസ്സ് -വി. ജോൺ മരിയ വിയാനി, വി. ജാന്ന ബെറേത്ത
10-ാം ക്ലാസ്സ് -വി. തോമ്മാശ്ലീഹ (അദ്ധ്യായം 6 - 9)

♦ **ചോദ്യപേപ്പർ മാതൃക:**

** **4 മുതൽ 9 വരെ ക്ലാസ്സുകൾക്ക്: (80 മാർക്ക്)***

| | |
|---|---|
| 1. പൂരിപ്പിക്കുക | 5 X 2 = 10 |
| 2. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക | 10 X 1 = 10 |
| 3. ചേരുംപടി ചേർക്കുക | 6 X 1 = 06 |
| 4. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക | 5 X 2 = 10 |
| 5. അഞ്ചോ ആറോ വാക്യത്തിൽ ഉത്തരം എഴുതുക | 5 X 3 = 15 |
| 6. ''നന്ന പ്രാർത്ഥനെ'' പുസ്തകത്തിൽനിന്ന് | 3 X 3 = 9 |
| 7. ഉപപാഠ പുസ്തകത്തിൽനിന്ന് | 5 X 2 = 10 |
| 8. പൊതുവിജ്ഞാനം | 5 X 2 = 10 |

** 10 - ാം ക്ലാസ്സിന്: (100 മാർക്ക്)*

| | |
|---|---|
| 1. പൂരിപ്പിക്കുക | 5 X 2 = 10 |
| 2. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക | 10 X 1 = 10 |
| 3. ചേരുംപടി ചേർക്കുക | 6 X 1 = 06 |
| 4. മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക | 10 X 3 =30 |
| 5. അഞ്ചോ ആറോ വാക്യത്തിൽ ഉത്തരം എഴുതുക | 3 X 5 = 15 |
| 6. ''നന്ന പ്രാർത്ഥനെ'' പുസ്തകത്തിൽനിന്ന് | 3 X 3 = 9 |
| 7. ഉപപാഠ പുസ്തകത്തിൽനിന്ന് | 5 X 2 = 10 |
| 8. പൊതുവിജ്ഞാനം | 5 X 2 = 10 |

** 11, 12 ക്ലാസ്സുകൾക്ക്: (100 മാർക്ക്)*

| | |
|---|---|
| 1. പൂരിപ്പിക്കുക | 10 X 1 = 10 |
| 2. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക | 10 X 1 = 10 |
| 3. അഞ്ചോ ആറോ വാക്യത്തിൽ ഉത്തരം എഴുതുക | 6 X 5 = 30 |
| 4. ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക | 5 X 8 = 40 |
| 5. പൊതുവിജ്ഞാനം | 5 X 2 = 10 |

♦ **അറിയിപ്പ്**: 1. ഒന്ന് രണ്ട് മൂന്ന് ക്ലാസുകൾക്ക് *ഓറൽ പരീക്ഷ* നടത്താൻ വേണ്ടിയുള്ള ചോദ്യപേപ്പറുകൾ മൂന്നു ഭാഷകളിലും മതബോധന കേന്ദ്രത്തിൽനിന്നും നൽകുന്നതായിരിക്കും.

2. നിങ്ങളുടെ ഇടവകയ്ക്ക് ആവശ്യമുള്ള ചോദ്യപേപ്പറുകളുടെ ഓർഡറും സ്കോളർശിപ്പ്, ഡിപ്ലോമാ, പോസ്റ്റ് ഡിപ്ളോമാ പരീക്ഷ എഴുതുന്ന കുട്ടികളുടെ പേരുവിവരങ്ങളും തന്നിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് ഫെബ്രവരി 29 നുള്ളിൽ വിശ്വാസ പരിശീലന കേന്ദ്രത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

## ಧರ್ಮೋಪದೇಶ ವಾರ್ಷಿಕ ಪರೀಕ್ಷೆಯ ಪಠ್ಯಕ್ರಮ:

***1) ಪಾಠ ಪುಸ್ತಕದಿಂದ:***

1 ರಿಂದ 10 ನೆಯ ತರಗತಿಯವರೆಗೆ: 1 ರಿಂದ 15 ರವರೆಗಿನ ಪಾಠಗಳು.

11 ಮತ್ತು 12 ನೆಯ ತರಗತಿಯವರೆಗೆ: 1 ರಿಂದ 12 ರವರೆಗಿನ ಪಾಠಗಳು.

***2) ಸಾಮಾನ್ಯ ಜ್ಞಾನ:***

1. ಕಥೋಲಿಕ ಧರ್ಮಸಭೆ
2. ಬೈಬಲ್ – ಜನರಲ್

***3) ನನ್ನ ಪ್ರಾರ್ಥನೆ ಪುಸ್ತಕದಿಂದ:***

***4) 'ಮಾರ್ಗದೀಪಗಳು' ಪುಸ್ತಕದಿಂದ:***

4 ನೇ ತರಗತಿಗೆ: ಚಾವರ ಗುರುಗಳು, ಸಂತ ಅಲ್ಫೋನ್ಸಾ

5 ನೇ ತರಗತಿಗೆ: ಸಂತ ಕ್ಲಾರ, ಸಂತ ಡೋನ್ ಬೋಸ್ಕೋ

6 ನೇ ತರಗತಿಗೆ: ಸಂತ ಮರಿಯ ಗೊರೆತ್ತಿ, ಸಂತ ಅಲೋಷ್ಯಸ್ ಗೋನ್ಸಾಗ

7 ನೇ ತರಗತಿಗೆ: ಸಂತ 10ನೇ ಪಯಸ್ ಜಗದ್ಗುರುಗಳು, ಸಂತ ಇಗ್ನೇಷಿಯಸ್ ಲಯೋಲ

8 ನೇ ತರಗತಿಗೆ: ಸಂತ ಫಾದರ್ ಡಾಮಿಯಾನ್, ಸಂತ ಮದರ್ ತೆರೇಸ

9 ನೇ ತರಗತಿಗೆ: ಸಂತ ಜಾನ್ ವಿಯಾನಿ, ಸಂತ ಜಾನ್ ಬೆರೇತ್ತ

10 ನೇ ತರಗತಿಗೆ: ಸಂತ ತೋಮಸ್ (ಅಧ್ಯಾಯ 6 – 9)

***ಪ್ರಶ್ನೆ ಪತ್ರಿಕೆಯ ಮಾದರಿ:***

***4 ರಿಂದ 9 ನೇ ತರಗತಿಯವರೆಗೆ: ಅಂಕಗಳು 80.***

| | |
|---|---|
| 1. ಬಿಟ್ಟ ಸ್ಥಳ ತುಂಬಿರಿ | 5 x 2 = 10 |
| 2. ಆವರಣದಿಂದ ಆರಿಸಿ ಬರೆಯಿರಿ | 10 x 1 = 10 |
| 3. ಹೊಂದಿಸಿ ಬರೆಯಿರಿ | 6 x 1 = 06 |
| 4. ಒಂದೆರಡು ವಾಕ್ಯಗಳಲ್ಲಿ ಉತ್ತರಿಸಿ | 5 x 2 = 10 |



| | |
|---|---|
| 5. ನಾಲ್ಕೈದು ವಾಕ್ಯಗಳಲ್ಲಿ ಉತ್ತರ ಬರೆಯಿರಿ | 5 x 3 = 15 |
| 6. ನನ್ನ ಪ್ರಾರ್ಥನೆ ಪುಸ್ತಕದಿಂದ | 3 x 3 = 9 |
| 7. ಮಾರ್ಗದೀಪಗಳು ಪುಸ್ತಕದಿಂದ | 5 x 2 = 10 |
| 8. ಸಾಮಾನ್ಯ ಜ್ಞಾನ | 5 x 2 = 10 |

***ಹತ್ತನೆಯ ತರಗತಿಗೆ: ಅಂಕಗಳು: 100***

| | |
|---|---|
| 1. ಬಿಟ್ಟ ಸ್ಥಳ ತುಂಬಿರಿ | 5 x 2 = 10 |
| 2. ಆವರಣದಿಂದ ಆರಿಸಿ ಬರೆಯಿರಿ | 10 x 1 = 10 |
| 3. ಹೊಂದಿಸಿ ಬರೆಯಿರಿ | 06 x 1= 06 |
| 4. ಮೂರು ಅಥವಾ ನಾಲ್ಕು ವಾಕ್ಯಗಳಲ್ಲಿ ಉತ್ತರಿಸಿ | 10 x 3 =30 |
| 5. ಐದು ಅಥವಾ ಆರು ವಾಕ್ಯಗಳಲ್ಲಿ ಉತ್ತರ ಬರೆಯಿರಿ | 3 x 5 = 15 |
| 6. ನನ್ನ ಪ್ರಾರ್ಥನೆ ಪುಸ್ತಕದಿಂದ | 3 x 3 = 9 |
| 7. ಮಾರ್ಗದೀಪಗಳು ಪುಸ್ತಕದಿಂದ | 5 x 2 = 10 |
| 8. ಸಾಮಾನ್ಯ ಜ್ಞಾನ | 5 x 2 = 10 |

***11 ಮತ್ತು 12 ನೇ ತರಗತಿಗೆ: ಅಂಕಗಳು: 100***

| | |
|---|---|
| 1. ಬಿಟ್ಟ ಸ್ಥಳ ತುಂಬಿರಿ | 10 x 1 = 10 |
| 2. ಆವರಣದಿಂದ ಆರಿಸಿ ಬರೆಯಿರಿ | 10 x 1 = 10 |
| 3. ಐದು ಅಥವಾ ಆರು ವಾಕ್ಯಗಳಲ್ಲಿ ಉತ್ತರಿಸಿ | 6 x 5 = 30 |
| 4. ಒಂದು ಪುಟಕ್ಕೆ ಮೀರದಂತೆ ಉತ್ತರಿಸಿ | 5 x 8 = 40 |
| 5. ಸಾಮಾನ್ಯ ಜ್ಞಾನ | 5 x 2 = 10 |

**ಸೂಚನೆ:**

1. ಒಂದು, ಎರಡು ಮತ್ತು ಮೂರನೆಯ ತರಗತಿಗಳಿಗೆ ಮೌಖಿಕ ಪರೀಕ್ಷೆಗೆ ಬೇಕಾದ ಪ್ರಶ್ನೆ ಪತ್ರಿಕೆಗಳನ್ನು (ಕನ್ನಡ ಮಲಯಾಳಂ ಮತ್ತು ಇಂಗ್ಲೀಷ್ ಭಾಷೆಗಳಲ್ಲಿ) ಧರ್ಮೋಪದೇಶ ಕೇಂದ್ರದಿಂದ ನೀಡಲಾಗುವುದು.
2. ನಿಮ್ಮ ಧರ್ಮಕೇಂದ್ರಕ್ಕೆ ಅಗತ್ಯವಾದ ಪ್ರಶ್ನೆ ಪತ್ರಿಕೆಗಳ ಆರ್ಡರ್, ಸ್ಕಾಲರ್‌ಶಿಪ್, ಡಿಪ್ಲೋಮಾ ಮತ್ತು ಪೋಸ್ಟ್ ಡಿಪ್ಲೋಮಾ ಪರೀಕ್ಷೆ ಬರೆಯುವ ಮಕ್ಕಳ ಹೆಸರು ಮತ್ತು ವಿವರಗಳನ್ನು ಕೊಟ್ಟಿರುವ ನಮೂನೆಯಲ್ಲಿ ತುಂಬಿಸಿ ಫೆಬ್ರವರಿ 29 ರೊಳಗೆ ಧರ್ಮೋಪದೇಶ ಕೇಂದ್ರಕ್ಕೆ ತಲುಪಿಸಬೇಕೆಂದು ಕೋರಲಾಗಿದೆ.

# ചെറുപുഷ്പ മിഷൻലീഗ്

**"മാധ്യമങ്ങളിലൂടെ സുവിശേഷവൽക്കരണം"**

"എന്തെന്നാൽ, ജഡത്തിൻെറ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിൻെറ അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിൻേറതല്ല; പ്രത്യുത, ലോകത്തിൻേറതാണ്. 17 ലോകവും അതിൻെറ മോഹങ്ങളും കടന്നുപോകുന്നു. ദൈവഹിതം പ്രവർത്തിക്കുന്നവനാകട്ടെ എന്നേക്കും നിലനിൽക്കുന്നു." (1 John 2:16,17)

* തെറ്റായത് ഉപേക്ഷിക്കുക, നല്ലത് പ്രചരിപ്പിക്കുക, ബോധവൽക്കരണം നൽക്കുക.

### പ്രാർത്ഥിക്കാം

1. മാധ്യമങ്ങൾക്ക് അടിമയായ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കുക.
2. പരീക്ഷ എഴുതുന്ന എല്ലാ ക്കൂട്ടുകാർക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക.

### പ്രവർത്തനം

1. പഠിക്കാൻ ബുദ്ധിമുട്ട്നുഭവിക്കുന്ന ക്കൂട്ടുകാരെ സഹായിക്കുക.
2. പരീക്ഷ എഴുതുന്ന എല്ലാ കുട്ടികൾക്കുംവേണ്ടി ആരാധന നടത്തുക.

### വചനം

നിന്റെ ദൈവമായ കർത്താവ് വിജയം നൽകുന്ന യോദ്ധാവ് നിന്റെ മദ്ധ്യേ ഉണ്ട്. (സെഫാ 3: 17)

### സുകൃത ജപം

ഈശോയെ അങ്ങെ നീതിയിൽ എന്നെയും ലോകംമുഴുവനെയും നയിക്കണമെ.

### അനുസ്മരിക്കുന്ന തിരുനാൾ:

വി. ജോൺബ്രട്ടോ (ഫെബ്രവരി 04)
വാ. റാണി മരിയ (ഫെബ്രവരി 25)

### ♦ Seminary Fund

Moorje - 1000.00
Shirlal - 500.00
Venur - 1000.00



# തിരുബാലസഖ്യം

### തിരുബാലസഖ്യ ദിനം - ഫെബ്രുവരി 09

### അനുസ്മരിക്കുന്ന തിരുനാൾ

നമ്മുടെ കർത്താവിന്റെ കാഴ്ചവെഷ് - (ഫെബ്രവരി 02)
വി. പീറ്റർ ഡാമിയൻ - (ഫെബ്രവര 21)

### പ്രാർത്ഥനാ നിയോഗം:

ഭാരതത്തിനുവേണ്ടി പ്രാർത്ഥിക്കുക.

### സുകൃതജപം:

ഈശോയെ സ്നേഹമെ എന്നിൽ വന്നു നിറയണമെ.

### വചനം

നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇവയിലെല്ലാം നാം പൂർണവിജയം കൈവരിക്കും. (റോമാ 8: 37)

**ഫാ. ജോസഫ് മറ്റം.**
**വിശ്വാസപരിശീലന ഡയറക്ടർ.**



# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್(ರಿ) ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಬಾಧಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದ್ದು 80 ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳು, 30 ಸೋಂಕಿತ ಮಕ್ಕಳು ಹಾಗೂ 60 ಬಾಧಿತ ಮಕ್ಕಳಿಗೆ ಮಾನಸಿಕ ಸ್ಥೈರ್ಯ ನೀಡುವ ಕೆಲಸವನ್ನು ಮಾಡುತ್ತಿದೆ.

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ, ನವಜೀವನ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ ಇವರ ನೇತೃತ್ವದಲ್ಲಿ ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳ ಮಾಸಿಕ ಬೆಂಬಲ ಸಭೆಯನ್ನು ದಿನಾಂಕ 18.01.2020 ರಂದು ಸಾನ್ ತೋಮ್ ಟವರ್ ಬೆಳ್ತಂಗಡಿ ಇಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಕಾರ್ಯಕ್ರಮದ ಅಧ್ಯಕ್ಷತೆಯನ್ನು ನವಚೈತನ್ಯ ಸಂಘದ ಕಾರ್ಯದರ್ಶಿ ಶ್ರೀಮತಿ ಪುಷ್ಪಾರವರು ವಹಿಸಿದ್ದರು. ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಗಳಾಗಿ ಶ್ರೀಮತಿ ಚೈತನ್ಯ ಆಪ್ತ ಸಮಾಲೋಚಕರು ಸಿರಿ ಗ್ರಾಮೋದ್ಯೋಗ ಲಾಯಿಲ ಇವರು ಆರೋಗ್ಯಯುತ ಜೀವನಶೈಲಿ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಿದರು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ। ಸ್ವಾ ಬಿನೋಯಿ ಎ.ಜೆ. ಇವರು ಶುಭ ಹಾರೈಸಿದರು. ವೈದ್ಯಾದಿಕಾರಿಗಳಾದ ಡಾ। ಮುರಳೀಕೃಷ್ಣ ಇರ್ವತ್ರಾಯ ವೈದ್ಯಕೀಯ ತಪಾಸಣೆ ನಡೆಸಿದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕಾಹಾರ ವಿತರಿಸಲಾಯಿತು. ಒಟ್ಟು 30 ಮಂದಿ ಭಾಗವಹಿಸಿದ್ದರು.

**ಸ್ಮೈಕ್ ಸುರಕ್ಷಾ ಯೋಜನೆ:**

ಈ ಯೋಜನೆಯನ್ನು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮಕ್ಕಳ ಆರೋಗ್ಯ ಸುಧಾರಣೆ, ಪೌಷ್ಟಿಕ ಆಹಾರ ಪೂರೈಕೆ ಮತ್ತು ಶಿಕ್ಷಣಕ್ಕೆ ನೆರವು ನೀಡುವ ಉದ್ದೇಶದಿಂದ ಸಂಸ್ಥೆ ಮಟ್ಟದಲ್ಲಿ ಅನುಷ್ಠಾನಗೊಳಿಸಿದ್ದು ಸೋಂಕಿತ ಮಕ್ಕಳ ಅಭಿವೃದ್ಧಿ ಮತ್ತು ಅವರನ್ನು ಸಮಾಜದ ಮುಖ್ಯ ವಾಹಿನಿಗೆ ತರುವುದು ಈ ಯೋಜನೆಯ ಮುಖ್ಯ ಉದ್ದೇಶವಾಗಿದೆ.

ಈ ತಿಂಗಳಲ್ಲಿ ರೂ 10000 ಧನ ಸಹಾಯ ಬಂದಿದ್ದು, ಪೌಷ್ಟಿಕ ಆಹಾರ ಪೂರೈಕೆ, ಶಿಕ್ಷಣಕ್ಕೆ ನೆರವು ಹಾಗೂ ವೈದ್ಯಕೀಯ ಚಿಕಿತ್ಸೆಗಾಗಿ ಸಹಕಾರಿಯಾಗಿದೆ.

ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮಕ್ಕಳ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಸಹಾಯಾರ್ಥ ಆಯೋಜಿಸಿದ್ದ ಲಕ್ಕಿ ಕೂಪನ್‌ನಿಂದ ಒಟ್ಟು ರೂ. 1,95,010 ಜಮೆಯಾಗಿರುತ್ತದೆ ಬಹುಮಾನ ಪಡೆದಿರುವವರು–



ಪ್ರಥಮ– 18588. ದ್ವಿತೀಯ– 23480, ತೃತೀಯ– 14526 ಪ್ರೋತ್ಸಾಹಕರ ಬಹುಮಾನ ಪಡೆದಿರುವವರು – 16754, 18703, 10177, 21651, 5073 ಸಹಕರಿಸಿದ ಎಲ್ಲರಿಗೂ ಕೃತಜ್ಞತೆಗಳು. ಮುಂದೆಯೂ ಸಹಾ ತಮ್ಮ ಸಹಕಾರನ್ನು ಬಯಸುತ್ತೇವೆ.

**ಸಮೃದ್ಧಿ ಯೋಜನೆ:**

ಈ ಯೋಜನೆಯು ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ಇವರ ನೇತೃತ್ವದಲ್ಲಿ ಸ್ವ ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಬಿಸಲು ಸಾಲ ಕೊಡುವ ಯೋಜನೆಯಾಗಿದೆ.

ಈ ತಿಂಗಳಲ್ಲಿ ಮಿಯ್ಯಾರು ಕ್ಷೇತ್ರದ ಪ್ರತಿಭಾ ಸಂಘದ ಸದಸ್ಯರಿಗೆ ರೂ. 1,25,000, ಸ್ಪೂರ್ತಿ ಸಂಘದ ಸದಸ್ಯರಿಗೆ ರೂ. 75,000, ನೆಟ್ಟಣ ಕ್ಷೇತ್ರದ ತಾರಾಶ್ರೀ ಸಂಘದ ಸದಸ್ಯರಿಗೆ ರೂ. 2,25,000, ಶಿವಲಕ್ಷ್ಮಿ ಸಂಘದ ಸದಸ್ಯರಿಗೆ ರೂ 1,25,000 ಹಾಗೂ ಸಮೃದ್ದಿ ಸಂಘದ ಸದಸ್ಯರಿಗೆ ರೂ. 1,75,000 ಸಾಲ ನೀಡಲಾಗಿದೆ.

**ಸ್ಪರ್ಶ– ಕ್ಯಾನ್ಸರ್ ಅರಿವು ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 11.01.2020 ರಂದು ಕಾರಿತಾಸ್ ಇಂಡಿಯ ಕರ್ನಾಟಕ ರಾಜ್ಯ ಅಧಿಕಾರಿ ಶ್ರೀ. ರೋಬರ್ಟ್ ಡಿ ಸೋಜಾರವರು ಸಂಸ್ಥೆಗೆ ಬೇಟಿ ನೀಡಿ ಸ್ಪರ್ಶ ಕಾರ್ಯಕ್ರಮ, ನೆರೆ ಪೀಡಿತ ಪ್ರದೇಶಗಳ ಪುನರ್ವಸತಿ ಕಾರ್ಯಕ್ರಮ, ಹೊಸ ಮನೆಕಟ್ಟುವ ಯೋಜನೆ, ತಪಸ್ಸು ಕಾಲದ ಅಭಿಯಾನ (ಲೆಂಟನ್ ಕ್ಯಾಂಪೇನ್) ಕಾರ್ಯಕ್ರಮಗಳ ಬಗ್ಗೆ ಚರ್ಚೆ ನಡೆಸಿ ಈ ಯೋಜನೆಗಳನ್ನು ಸಮರ್ಪಕವಾಗಿ ಅನುಷ್ಠಾನಗೊಳಿಸಲು ಸಲಹೆ ಸೂಚನೆಗಳನ್ನು ನೀಡಿದರು.

ದಿನಾಂಕ 19.01.2020 ರಂದು ಬೆಳ್ತಂಗಡಿ ಜ್ಞಾನನಿಲಯದಲ್ಲಿ ವಿವಿಧ ಸಂಘಟನೆಗಳ ಸಂಯುಕ್ತ ಆಶ್ರಯದಲ್ಲಿ ಉಚಿತ ಕ್ಯಾನ್ಸರ್ ತಪಾಸಣ ಶಿಬಿರವು ನಡೆದಿದ್ದು ಸುಮಾರು 98 ಮಂದಿ ಈ ಶಿಬಿರದ ಪ್ರಯೋಜನ ಪಡೆದರು.

**ನೆರೆ ಪೀಡಿತ ಪ್ರದೇಶಗಳ ಪುನರ್ ನಿರ್ಮಾಣ ಯೋಜನೆ:**

ಈ ಯೋಜನೆಯು ನೆರೆ ಪೀಡಿತ ಪ್ರದೇಶಗಳ ಪುನರ್ ನಿರ್ಮಾಣಕ್ಕಾಗಿ ಕಾರಿತಾಸ್ ಇಂಡಿಯಾ ಪ್ರಾಯೋಜಿತ ಕಾರ್ಯಕ್ರಮವಾಗಿದ್ದು ಇದರ ಮೂಲಕ ನೆರೆಯಿಂದ ಸಂಕಷ್ಟಗೊಳಗಾದವರಿಗೆ ಮನೆ ನಿರ್ಮಾಣ, ದುರಸ್ಥಿ ಹಾಗೂ ಜೀವನೋಪಾಯ ಸಹಾಯಧನ ನೀಡಲಾಗುತ್ತಿದೆ.

ದಿನಾಂಕ 14.01.2020 ರಂದು ಸಂಸ್ಥೆಯ ನಿರ್ದೇಶಕರು, ಹಣಕಾಸು ಅಧಿಕಾರಿ ಹಾಗೂ ಸಂಯೋಜಕರು ನೆರೆ ಪೀಡಿತ ಕೊಡಗು ಜಿಲ್ಲೆಯ ಸಿದ್ಧಾಪುರದ 15 ಮನೆಗಳಿಗೆ ಬೇಟಿ ನೀಡಿ ನೆರೆಯಿಂದ ಹಾನಿಗೊಳಗಾದ ಮನೆಗಳನ್ನು ವೀಕ್ಷಿಸಲಾಯಿತು ಹಾಗೂ ಅವುಗಳ ಪುನರ್ ರಚನೆಗೆ ಯೋಜನೆ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು.ಅಂತೆಯೇ ಜೀವನೋಪಾಯಕ್ಕಾಗಿ ದನ, ಆಡು, ಕೋಳಿ, ಹಂದಿ ಖರೀದಿ ಮಾಡಲು ಸಹಾಯಧನ ನೀಡಲಾಗುತ್ತಿದೆ.

**ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮ:**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್. ಡಿ.ಎಸ್.ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ ಹಾಗೂ ಪುತ್ತೂರು ತಾಲೂಕುಗಳ 30 ಆಯ್ದ ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 123 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಇವೆ. ಒಟ್ಟು 1326 ಮಂದಿ ಸದಸ್ಯರು ಸ್ವ–ಸಹಾಯ ಸಂಘದ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 6.12.2019ರಂದು ಕಿರಣ್ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟ ಕಡಬ ಇದರ ಮಹಾಸಭೆ ಮತ್ತು ಸ್ಥಳೀಯ ಚುನಾವಣೆಯಲ್ಲಿ ಸ್ಪರ್ಧಿಸಲು ಮಹಿಳೆಯರಿಗೆರಣಾ ತರಭೇತಿಯನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಗಿತ್ತು. ನೆಲ್ಯಾಡಿ ಗ್ರಾಮ ಪಂಚಾಯತ್ ಸದಸ್ಯೆ ಹಾಗೂ ಕಿರಣ್ ತಾಲೂಕು ಒಕ್ಕೂಟದ ಕೋಶಾಧಿಕಾರಿ ಆಗಿರುವ ಶ್ರೀಮತಿ ಉಷಾ ತರಬೆತಿ ನೀಡಿದರು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರು, ಸಂಯೋಜಕಿ ಮತ್ತು ಕಾರ್ಯಕರ್ತರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 7.12.2019 ರಂದು ತೋಟತ್ತಾಡಿಯ ಚೈತನ್ಯ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಆಪ್ತ ಸಮಾಲೋಚನೆ ಮತ್ತು ಸಂವಹನ ಕಲೆ ಹಾಗೂ ತಿದ್ದು ಪಡಿಯಾದ ನಿಯಾಮವಳಿಗಳ ಕುರಿತು ಮಾಹಿತಿ ಕಾರ್ಯಕ್ರಮವನ್ನು ಏರ್ಪಡಿಸಲಾಗಿತ್ತು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ। ಫಾ। ಬಿನೋಯಿ ಎ.ಜೆ. ಮಾಹಿತಿ ನೀಡಿದರು. ಸಂಯೋಜಕಿ ಹಾಗೂ ಕಾರ್ಯಕರ್ತರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 16.12.2019, 18.12.2019 ಮತ್ತು 19.12.2019ರಂದು ನೆಲ್ಯಾಡಿ, ಅಡ್ಡಹೊಳೆ, ಗಂಡಿಬಾಗಿಲು, ಉದನೆ ಮತ್ತು ಶಿರಾಡಿ ವಲಯ ಸಂಘಗಳಿಗೆ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ।ಫಾ. ಬಿನೋಯಿ ಎ.ಜೆ, ಅಕೌಂಟೆಂಟ್ ಆಗಿರುವ ಬಾಬು ತೋಮಸ್ ಇವರು ಬೇಟಿ ನೀಡಿ ಸಂಘಗಳ ಮೇಲ್ವಿಚಾರಣೆ ಮಾಡಿ ಸೂಕ್ತ ಸಲಹೆ ಸೂಚನೆಗಳನ್ನು ನೀಡಿದ್ದಾರೆ. ಸಂಯೋಜಕಿ ಹಾಗೂ ಕಾರ್ಯಕರ್ತರು ಉಪಸ್ಥಿತರಿದ್ದರು.



**ಆರೋಗ್ಯ ಶಿಬಿರ**

ದಿನಾಂಕ 19.1.2020ರಂದು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ ಇದರ ಮಾರ್ಗದರ್ಶನದಲ್ಲಿ ಸ್ನೇಹಜ್ಯೋತಿ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟ (ರಿ) ಬೆಳ್ತಂಗಡಿ ನೇತೃತ್ವದಲ್ಲಿ, ಸೈಂಟ್ ಲಾರೆನ್ಸ್ ಕ್ಯಾಥೆಡ್ರಲ್ ಚರ್ಚ್ ಬೆಳ್ತಂಗಡಿ, ಸೌತ್ ಇಂಡಿಯನ್ ಬ್ಯಾಂಕ್ ಬೆಳ್ತಂಗಡಿ, ಸಿರೋ ಮಲಬಾರ್ ಯೂತ್ ಮೂವ್‌ಮೆಂಟ್ ಬೆಳ್ತಂಗಡಿ, ಸಂತ ಲಾರೆನ್ಸ್ ಕ್ರೆಡಿಟ್ ಯೂನಿಯನ್ ಬೆಳ್ತಂಗಡಿ ಮತ್ತು ಇತರ ಸಂಘ ಸಂಸ್ಥೆಗಳ ಸಹಕಾರದೊಂದಿಗೆ ಎ.ಜೆ. ಆಸ್ಪತ್ರೆ ಮಂಗಳೂರು, ಇಂಡಿಯನ್ ಕ್ಯಾನ್ಸರ್ ಸೊಸೈಟಿ ಬೆಂಗಳೂರು, ಪ್ರಸಾದ್ ನೇತ್ರಾಲಯ ಉಡುಪಿ, ಜ್ಯೋತಿ ಆಸ್ಪತ್ರೆ ಲಾಯಿಲ ಮತ್ತು ಸ್ಪಂದನಾ ಲ್ಯಾಬೋರೋಟರಿ, ಸಮುದಾಯ ಆರೋಗ್ಯ ಕೇಂದ್ರ ಬೆಳ್ತಂಗಡಿ ಇದರ ತಜ್ಞ ವೈದ್ಯರುಗಳ ತಂಡದಿಂದ ಉಚಿತ ಆರೋಗ್ಯ ತಪಾಸಣೆ ಜ್ಞಾನ ನಿಲಯದಲ್ಲಿ ನಡೆಯಿತು.

ಅಧ್ಯಕ್ಷತೆಯನ್ನು ಸಂತ ಲಾರೆನ್ಸ್ ಕ್ಯಾಥೆಡ್ರಲ್ ಚರ್ಚ್‌ನ ಧರ್ಮಗುರುಗಳಾದ ವಂ। ಫಾ। ತೋಮಸ್ ಕಣ್ಣಾಂಗಲ್‌ರವರು ವಹಿಸಿದರು. ಲಾಯಿಲ ಶ್ರೀ ವೆಂಕಟರಮಣ ದೇವಸ್ಥಾನದ ಅಧ್ಯಕ್ಷರಾದ ಡಾ॥ ಸುಧೀರ್ ಪ್ರಭು ಕಾರ್ಯಕ್ರಮ ಉದ್ಘಾಟಿಸಿ ಶುಭ ಹಾರೈಸಿದರು. ಮುಖ್ಯ ಅತಿಥಿಗಳಾದ ಶ್ರೀ ಮಹಮ್ಮದ್ ರಫೀ, ಮಾಜಿ ಸೈನಿಕರು ಮತ್ತು ಪ್ರಧಾನ ಕಾರ್ಯದರ್ಶಿ, ಕರ್ನಾಟಕ ಮುಸ್ಲಿಂ ಜಮಾಅತ್, ಬೆಳ್ತಂಗಡಿ ತಾಲೂಕು ಇವರು ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭಹಾರೈಸಿದರು ಮತ್ತು ಇತರ ಸಂಘಟನೆಗಳ ಮುಖ್ಯಸ್ಥರು ವೇದಿಕೆಯಲ್ಲಿ ಉಪಸ್ಥಿತರಿದ್ದರು. ಎ.ಜೆ ಆಸ್ಪತ್ರೆಯ ಮೂಲಕ ಬಾಯಿ, ಗಂಟಲು, ಸ್ತನ ಮತ್ತು ಗರ್ಭಕೋಶದ ಕ್ಯಾನ್ಸರ್ ತಪಾಸಣೆ ನಡೆಯಿತು. ಪ್ರಸಾದ್ ನೇತ್ರಾಲಯದ ಮೂಲಕ ಕಣ್ಣಿನ ತಪಾಸಣೆ, ಸಮುದಾಯ ಆರೋಗ್ಯ ಕೇಂದ್ರದ ಮೂಲಕ ಇ.ಎನ್.ಟಿ ತಪಾಸಣೆ ಮತ್ತು ಜ್ಯೋತಿ ಆಸ್ಪತ್ರೆಯ ಮೂಲಕ ಹರ್ನಿಯಾ, ಪೈಲ್ಸ್, ದೇಹದಲ್ಲಿನ ಗೆಡ್ಡೆ ಗುರುತಿಸುವಿಕೆ ಮತ್ತು ಸಾಮಾನ್ಯ ಆರೋಗ್ಯ ತಪಾಸಣೆ ನಡೆಯಿತು. 109 ಜನರು ಪ್ರಯೋಜನ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 20.1.2020 ರಂದು ಅರುಣೋದಯ ಮಹಾಸಂಘ ಬೆಳ್ತಂಗಡಿ ಇದರ ಮಹಾಸಭೆ ನಡೆಯಿತು. ಹೊಸ ಪಧಾದಿಕಾರಿಗಳ ಆಯ್ಕೆ ಮಾಡಲಾಯಿತು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರು ನಾಯಕತ್ವದ ಕುರಿತು ತರಭೆತಿ ನಿಡಿದರು.

**ಮನವಿ ಸಲ್ಲಿಕೆ:**

ಅಕ್ಷಯ ಮಹಾಸಂಘದ ವತಿಯಿಂದ ಗ್ರಾಮ ಮಟ್ಟದಲ್ಲಿ ಮನೆಗಳಲ್ಲಿ ಮಳೆನೀರಿನ ಕೊಯ್ಲು ಮಾಡುವ ಕುಟುಂಬಗಳಿಗೆ ಸರಕಾರದಿಂದ ಅನುದಾನ ದೊರಕುವಂತೆ ಆಗ್ರಹಿಸಿ ಶಿರಾಡಿ ಗ್ರಾಮ ಪಂಚಾಯತ್ ಉಪಾಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ಬಿಂದು ಶಶಿಧರ ಇವರಿಗೆ ಮನವಿ ಸಲ್ಲಿಕೆ ಮಾಡಿದ್ದಾರೆ.

ತ್ರಿವೇಣಿ ಸಂಘ ನೆಕ್ಕರೆ ಮತ್ತು ಸೌಮ್ಯ ಸಂಘ ನೆಕ್ಕರೆಯ ಮೂಲಕ ನೆರಿಯದಿಂದ ನೆಕ್ಕರೆ ರಸ್ತೆ ದುರಸ್ಥಿ ಆಗ್ರಹಿಸಿ ಮನವಿ ಸಲ್ಲಿಕೆ ಮಾಡಿದ್ದಾರೆ.

**ಸಂಸ್ಥೆಗೆ ಕಲಿಕಾ ಬೇಟಿ:**

ದಿನಾಂಕ 24.01.2020 ರಂದು ಸರಕಾರಿ ಪ್ರಥಮ ದರ್ಜೆ ಕಾಲೇಜು ವಾಮದಪದವು ಇಲ್ಲಿನ ಸಮಾಜ ಕಾರ್ಯ ವಿಭಾಗದ 52 ವಿದ್ಯಾರ್ಥಿಗಳು ಹಾಗೂ 4 ಮಂದಿ ಶಿಕ್ಷಕರು ಪ್ರಶಿಕ್ಷಣ ಬೇಟಿಗಾಗಿ ಸಂಸ್ಥೆಗೆ ಆಗಮಿಸಿದ್ದರು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರು ವಿವಿಧ ಕಾರ್ಯಕ್ರಮಗಳ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಿದರು.

**Fr. Varkey Maligayil**
Director, DKRDS





# ഫാമിലി അപ്പസ്തോലേറ്റ്

**1. ഏകദിന കൺവെൻഷൻ :**

2020 ജനുവരി 18 -ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 1.00 വരെ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ഏകദിന കൺവെൻഷൻ നടത്തപ്പെട്ടു. ബഹു. ഫാ. പീറ്റർ പതാരംചിറ വി. ബലിയർപ്പിച്ച് വചന സന്ദേശം നൽകുകയും ക്ലാസ്സുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു, തുടർന്ന് ആരാധന നയിച്ചു. ജാൻസൻ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

**2. ആരാധന-ക്ലാസ്സ് :**

2020 ജനുവരി 6-ാം തീയതി വൈകുന്നേരം തിരുനാളിനൊരുക്കമായി ദേവഗിരി ഇടവകയിൽ വി.കുർബ്ബാന, ക്ലാസ്സ് , ആരാധന എന്നിവയ്ക്ക് ബഹു. ഫാ. തോമസ് പുതിയറ നേതൃത്വം നൽകി.

**3. വലിയ കുടുംബം :**

2020 ജനുവരി 18-ാം തീയതി മൂർജ്ജ ഇടവകയിലെ കുറ്റിക്കാട്ടിൽ ജിനോയി-ശുഭ ദമ്പതികളുടെ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ ബഹു. ഫാ. ജോസ് പൂവ്വത്തിങ്കൽ, ബഹു. ഫാ. ജോസഫ് പാമ്പയ്ക്കൽ എന്നിവർ നിർവ്വഹിച്ചു.

**4. വിവാഹ ഒരുക്ക സെമിനാർ :**

2020 മാർച്ച് 12 - ാം തിയതി 4 മണി മുതൽ 15 - ാം തിയതി 1 മണിവരെ ജ്ഞാനനിലയത്തിൽ വച്ച് വിവാഹ ഒരുക്ക സെമിനാർ നടത്തപ്പെടുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻക്കൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫീസ് 1000 രൂപയാണ്.

**5. ബൈബിൾ ഫെസ്റ്റ്:**

ബൈബിൾ രചനയിൽ പങ്കെടുക്കുന്നവർക്കും അല്ലാത്തവർക്കും കൂടി രൂപതയിൽ നിന്നും തന്നിരിക്കുന്ന 500 ദൈവവചനങ്ങളിൽ നിന്നും ഏറ്റവും കൂടുതൽ വചനങ്ങൾ മനപാഠമാക്കി എഴുതുന്നവർ ഫെബ്രുവരി 29 -ാം തീയതിക്ക് മുമ്പായി പേരുവിവരങ്ങൾ രൂപതാ കുടുംബ പ്രേഷിത കേന്ദ്രത്തിൽ നൽകേണ്ടതാണ്. 2020 മെയ് മാസത്തിലായിരിക്കും മത്സരം.

**6. ഏകദിന കൺവെൻഷൻ :**

2020 ഫെബ്രുവരി 15 -ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 2.30 വരെ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ഏകദിന കൺവെൻഷൻ നടത്തപ്പെടുന്നു.

## പിതൃവേദി + മാതൃവേദി

**1. അന്തർദേശീയ സീറോ മലബാർ മാതൃവേദി ജനറൽബോഡി യോഗ വും തിരഞ്ഞെടുപ്പും:**

2020 ജനുവരി 22, 23 തീയതികളിൽ പാലാ രൂപത അൽഫോൻസി യൻ പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന അന്തർദേശീയ സീറോ മല ബാർ മാതൃവേദി ജനറൽ ബോഡി യോഗത്തിൽ നമ്മുടെ രൂപതയെ പ്രതിനിധീകരിച്ച് ശ്രീമതി ബീനാ ബിറ്റി നെടുനിലം, ശ്രീമതി വൽസ തോമസ് പുതിയകുളങ്ങര എന്നിവർ പങ്കെടുത്തു. അന്തർദേശീയ സീറോ മലബാർ മാതൃവേദി വൈസ് പ്രസിഡന്റ് ആയി ശ്രീമതി ബീനാ ബിറ്റി നെടുനിലം തിരഞ്ഞെടുക്കപ്പെട്ടു. പ്രത്യേക അഭിനന്ദനങ്ങൾ.

**2. അഖണ്ഡ ബൈബിൾ പാരായണം:**

2020 ജനുവരി 14-ാം തീയതി രാവിലെ 9.30 മുതൽ കങ്കനാടി ഇടവകയിൽ അഖണ്ഡ ബൈബിൾ പാരായണം നടത്തി. ഇതിനു നേതൃത്വം നൽകിയ ബഹു. സെബാസ്റ്റ്യൻ ചേലക്കാപ്പള്ളി അച്ചന് പ്രത്യേകം നന്ദി.

**തൂവാനീസ - ഫെബ്രുവരി 2020 - ഓർമ്മിക്കേണ്ട കാര്യങ്ങൾ**

**1. 2020 ഫെബ്രുവരി 11**

ലൂർദ്ദ് മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് മാതൃവേദിയു ടെയും പിതൃവേദിയുടെയും നേതൃത്വത്തിൽ കിടപ്പു രോഗികളുടെ ഭവ നങ്ങൾ സന്ദർശിക്കുകയും അവർക്ക് കൂദാശകൾ നൽകുവാനുള്ള ക്രമീകരണങ്ങൾ നടത്തുക. സാധിക്കുന്നവരെ അന്നേ ദിവസത്തെ വിശുദ്ധ ബലിയിൽ പങ്കെടുപ്പിക്കുക.

**2. ഗ്രാന്റ് പേരൻസ് ഡേ ആഘോഷം:**

വൃദ്ധരായ മാതാപിതാക്കൾക്ക് ഇടവകാതലത്തിൽ സംഗമങ്ങൾ നടത്തുക. (വിശുദ്ധ കുർബ്ബാന, ക്ലാസ്സ്)



## യൂത്ത് അപ്പസ്തോലേറ്റ്

**1. കർണ്ണാടക റീജിണൽ യൂത്ത് കമ്മീഷൻ:**

2020 ജനുവരി 18, 19 തീയതികളിലായി ഷിമോഗയിൽ വച്ചു നടന്ന ഐ.സി.വൈ.എം കർണ്ണാടക റീജിണൽ ലീഡേഴ്സ് ട്രയ്നിംഗ് പ്രോ ഗ്രാമിൽ ബെൽത്തംഗടി രൂപതയിൽ നിന്നും കൃതിക, പ്രിൻസ് എന്നി വർ പങ്കെടുത്തു.

**2. ദി ലൈഫ് :**

2020 ഫെബ്രുവരി 15 - ാം തിയതി വൈകിട്ട് 4 മണി മുതൽ 16 -ാം തീയതി 4 മണിവരെ ജ്ഞാനനിലയത്തിൽ വച്ച് +1, +2 പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ദി ലൈഫ് എന്ന പ്രോഗ്രാം നടത്തപ്പെടുന്നു. ഇതിലൂടെ കുട്ടികൾക്ക് ജീവിതത്തെക്കുറിച്ചുള്ള വ്യക്തത, കരിയർ ഗൈഡൻസ്, പരീക്ഷ ഒരുക്ക ധ്യാനം എന്നിവ ലഭിക്കുന്നു. കുട്ടികളെ ല്ലാവരും നിർബന്ധമായും ഇതിൽ പങ്കെടുക്കണം. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**ഫാ. തോമസ് പുതിയറ**
ഡയറക്ടർ, ഫാമിലി അപ്പോസ്തോലേറ്റ്



## Hearty Congratulations



**Mrs. Beena Bitty Nedunilam, newly elected Global Vice- President of Syro-Malabar Mathruvedhi**

## Hearty Congratulations



**The Scouts Students of St. Mary's School Laila, Belthangady passed the National Level Examination of Scouts. It's first time in the history of Belthangady Taluk, Students pass National Level Scouts.**



:TARIAT OF STATE

:TION - GENERAL AFFAIRS

From the Vatican, 18 December 2019

No. 474.251

Your Excellency,

I am writing on behalf of the Holy Father to thank you for the thoughtful greetings which you sent to him for Christmas and the New Year on behalf of the Diocese of Belthangady. The prayers offered for his intentions are very much appreciated.

His Holiness invokes upon you and your people an abundance of joy in Christ the Prince of Peace, and he cordially imparts his Apostolic Blessing.

Assuring you of my prayerful best wishes, I remain

Yours sincerely in Christ,

✠ Edgar Peña Parra
*Substitute*

The Most Reverend Lawrence Mukkuzhy
Bishop's House
Udayangar Belthangady
P.B. No. 13
Belthangady 574 214
D.K., Karnataka
India

## Post Synodal Apostolic Exhortation
## Christus Vivit of the Holy Father Pope Francis

57. ഉണ്ണിയേശുവിന്റെ വിശുദ്ധ തെരേസ 1873-ൽ ജനിച്ചു. അവൾക്ക് പതിനഞ്ചുവയസ്സായിരിക്കെ, വളരെയധികം പ്രതിബന്ധങ്ങളെ അതിജീവിച്ചുകൊണ്ട് കർമ്മലമഠത്തിൽ ചേരാൻ അവൾക്കു സാധ്യമായി. കർത്താവിന്റെ സ്നേഹത്തിൽ സമ്പൂർണ്ണ പ്രത്യാശയർപ്പിക്കുന്ന കുറുക്കുവഴി തെരേസ അവലംബിക്കുകയും തന്റെ പ്രാർത്ഥന വഴി തിരുസഭയുടെ ഹൃദയത്തിൽ എരിയുന്ന സ്നേഹാഗ്നി ഊതിക്കത്തിച്ചുകൊണ്ടിരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

58. വാഴ്ത്തപ്പെട്ട കഫരീനോ നാമുൻകുറ അർജന്റീനിയിലെ ഒരു തദ്ദേശീയ ഗോത്രത്തലവന്റെ മകനായിരുന്നു.യുവാവായിരിക്കെ അദ്ദേഹം ഒരു സലേഷ്യൻ വൈദിക വിദ്യാർത്ഥിയായുകയും ക്രിസ്തുവിനെ സ്വഗോത്രത്തിൽ കൊണ്ടുവരാനായി അതിലേക്കു മടങ്ങാൻ ആഗ്രഹിക്കുകയും ചെയ്തു. കഫരീനോ 1905 ൽ മരിച്ചു.

59. 1925ൽ മരിച്ച വാഴ്ത്തപ്പെട്ട പിയർ ജോർജ്ജിയോ ഫ്രസാത്തി ആനന്ദം നിറഞ്ഞവനും എല്ലാറ്റിനെയും ആനന്ദംകൊണ്ട് പൂരിതനാക്കിയവനുമാണ് സ്വജീവിതത്തിലെ എല്ലാ പ്രതിസന്ധികളെയും തരണം ചെയ്യുന്നതിന് ആ ആനന്ദം സഹായിച്ചു. പാവപ്പെട്ടവരെ സന്ദർശിക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ട് ദിവ്യകാരുണ്യ യേശുവിന്റെ സ്നേഹത്തിന് പ്രതിസ്നേഹം നൽകണമെന്നതാണ് തന്റെ ആഗ്രഹമെന്ന് പിയർ ജോർജ്ജിയോ പറഞ്ഞിരുന്നു.

60. 1945-ൽ നിര്യാതനായ ഒരു യുവഫ്രഞ്ചുകാരനായിരുന്നു വാഴ്ത്തപ്പെട്ട മാർസെൽ കാല്ലോ. ഓസ്ട്രിയായിലെ ഒരു കോൺസെൻട്രേഷൻ ക്യാമ്പിൽ മാർസെൽ തടവിലാക്കപ്പെടുകയും അവിടെ അദ്ദേഹം സഹതടവുകാരെ കഠിനവേലകൾക്കിടയിൽ വിശ്വാസത്തിൽ നിലനിൽക്കുന്നതിന് ശക്തിപ്പെടുത്തുകയും ചെയ്തു.

61. 1990-ൽ മരിച്ച ചെറുപ്പക്കാരിയായ വാഴ്ത്തപ്പെട്ട ക്യാരാ ബെദാനോ സ്നേഹത്താൽ എങ്ങനെ വേദനയെ രൂപാന്തരപ്പെടുത്താമെന്ന് അനുഭവിച്ചറിഞ്ഞു. അവളുടെ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും താക്കോൽ കർത്താവിലുള്ള അവളുടെ സമ്പൂർണ്ണ ആശ്രയവും തന്റെ രോഗത്തെക്കുറിച്ചും തന്നെയും മറ്റുള്ളവരെയും സംബന്ധിച്ച ദൈവഹിതത്തിന്റെ നിഗൂഢ ആവിഷ്ക്കാരങ്ങളെക്കുറിച്ചും ഉള്ള ബോധ്യത്തോടുകൂടിയ സ്വീകരണവും ആയിരുന്നു.



62. ഇവരും സുവിശേഷം മൗനമായും രഹസ്യമായും അതിന്റെ പൂർണ്ണതയിൽ ജീവിച്ച മറ്റനേകം യുവജനങ്ങളും തിരുസഭയ്ക്കുവേണ്ടി മാധ്യസ്ഥം വഹിക്കട്ടെ. തത്ഫലമായി അവൾ, സന്തോഷം നിറഞ്ഞവരും, ധൈര്യശാലികളും പ്രതിബദ്ധതയുള്ളവരുമായ യുവജനങ്ങളാൽ നിറയട്ടെ. അവർ വിശുദ്ധിയുടെ പുത്തൻ സാക്ഷ്യങ്ങൾ ലോകത്തിനു നൽകാൻ പ്രാപ്തരാകട്ടെ.

## അധ്യായം മൂന്ന്
## നിങ്ങളാണ് ദൈവത്തിന്റെ ഇപ്പോൾ

63. ദൈവവചനത്തിലേക്കുള്ള ഈ ഹ്രസ്വ എത്തിനോട്ടത്തിനുശേഷം ,യുവജനങ്ങൾ നമ്മുടെ ലോകത്തിന്റ ഭാവിയാണ് എന്നുമാത്രം പറഞ്ഞുവയ്ക്കാനാവില്ല. അവരാണ് അതിന്റെ വർത്തമാനകാലം ഇപ്പോൾ തന്നെ അതിനെ ധന്യമാക്കാൻ അവർ സഹായിച്ചുകൊണ്ടിരിക്കുകയാണ്. യുവജനങ്ങൾ ഇനിമേലിൽ കുട്ടികളല്ല മുതിർന്നവരോടൊപ്പം കുടുംബത്തിന്റെയും സമൂഹത്തിന്റെയും സഭയുടെയും വളർച്ചയ്ക്കായി ഏതാനും ചുമതലകൾ ഏറ്റെടുക്കാൻ തുടങ്ങുന്ന ഒരു കാലത്തിലാണവർ. എന്നിരുന്നാലും കാലം മാറിക്കൊണ്ടിരിക്കുന്നതിനാൽ ഈ ചോദ്യങ്ങൾ ഉന്നയിക്കാൻ നാം നിർബന്ധിതരാകുകയാണ്. ഇന്നത്തെ യുവജനങ്ങളുടെ സ്ഥിതി എന്താണ്.,,,,, അവരുടെ ജീവിതങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്താണ്.

### ഭാവാത്മക വാക്കുകളിൽ

64 തിരുസഭാംഗങ്ങൾ പലപ്പോഴും യേശുവിന്റെ സമീപനമെടുക്കുന്നില്ല എന്ന് സിനഡ് വിലയിരുത്തി. യുവജനങ്ങളെ ശ്രദ്ധപൂർവ്വം ശ്രവിക്കുന്നതിനുപകരം അവർ ഉന്നയിക്കുന്ന പ്രശ്നങ്ങൾ പുറത്തേക്കുവരാനും, അവർ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാനുമിടയാക്കാതെ മുൻക്കൂട്ടി തയ്യാറാക്കിയ ഉത്തരങ്ങളും മുൻപേ തയ്യാറാക്കിയ പ്രതിവിധികളും നൽകാനുള്ള പ്രവണത പലപ്പോഴും കാട്ടുന്നു. എന്നാൽ സഭ ഇടുങ്ങിയ മുൻവിധികളെ മാറ്റി വച്ച് ,യുവജനങ്ങളെ ശ്രദ്ധാപൂർവ്വം ശ്രവിക്കുമ്പോൾ ഈ സഹാനുഭൂതി അവളെ ധന്യയാക്കുന്നു, കാരണം പുത്തൻ ചൈതന്യ അവബോധങ്ങൾ വിലമതിക്കാനും പുതിയ ചോദ്യങ്ങൾ പരിഗണിക്കാനും അതിനെ സഹായിച്ചുകൊണ്ട് യുവജനങ്ങൾ സമൂഹത്തിത് അവരുടെ തനതായ സംഭാവനകൾ നൽകാനിടയാകുന്നു.

65 മുതിർന്നവരായ നാം ഇന്നത്തെ യുവജനങ്ങളുടെ എല്ലാ പ്രശ്നങ്ങളുടെയും വീഴ്ചകളുടെയും പട്ടിക തയ്യാറാക്കാൻ പലപ്പോഴും പ്രലോഭിതരായിപ്പോകാം. ഒരു പക്ഷേ ചിലർ പ്രയാസങ്ങളും അപകടങ്ങളും വിവേചിച്ചെടുക്കാൻ നമുക്കുള്ള കഴിവിനെ പ്രശംസിച്ചേക്കാം. പക്ഷേ അത്തരത്തിലുള്ള ഒരു മനോഭാവത്തിന്റെ ഫലമെന്തായിരിക്കും. കൂടുതൽ അകൽച്ച, കുറഞ്ഞ അടുപ്പം,കുറഞ്ഞ പരസ്പര സഹായം.

66. മാതാപിതാക്കളോ ഇടയനോ, മാർഗദർശകനോ ആകുവാൻ വിളിക്കപ്പെട്ടരിക്കുന്ന ഏതൊരാൾക്കും എരിഞ്ഞുകൊണ്ടിരിക്കുന്നതായ ആ ചെറുനാളത്തെ ചലിച്ചുകൊണ്ടിരിക്കുന്ന എന്നാൽ ഒടിഞ്ഞുപോയിട്ടില്ലാത്ത ആ ഞാങ്ങണച്ചില്ലയെ വിലമതിക്കാനുള്ള ദീർഘവീക്ഷണമുണ്ടായിരിക്കണം. മറ്റുള്ളവർ മതിലുകൾ മാത്രം കാണുന്നിടത്ത് നടപ്പാതകളെ വിവേചിച്ചറിയാനും മറ്റുള്ളവർ അപകടസാധ്യത മാത്രം കാണുന്നിടത്ത് പല സാധ്യതകൾ തിരിച്ചറിയാനും കഴിയണം. അങ്ങനെയാണ് ദൈവപിതാവ് കാര്യങ്ങളെ കാണുന്നത്. യുവജനങ്ങളുടെ ഹൃദയങ്ങളിൽ വിതയ്ക്കപ്പെട്ടിരിക്കുന്ന നന്മയുടെ വിത്തുകളെ പോഷിപ്പിക്കാനും സംരക്ഷിക്കാനും അവിടുത്തേക്കറിയാം. ദൈവിക ജീവന്റെ ബീജങ്ങൾ സംവഹിക്കുന്ന പരിശുദ്ധ സ്ഥലമാണ് ഓരോ യുവാവിന്റെയും ഹൃദയമെന്ന് മനസ്സിലാക്കി രഹസ്യത്തിന്റെ ആഴങ്ങളിലേക്ക് പ്രവേശിക്കാനായി നമ്മുടെ പാദരക്ഷകൾ അഴിച്ചു വെച്ചു വേണം അതിനു മുൻപിലായിരിക്കാൻ.

**ചെറുപ്പമായിരിക്കാനുള്ള വിവിധ വഴികൾ**

67. ഇന്നത്തെ യുവജനങ്ങളുടെ ഒരു ചിത്രം വരക്കാൻ നമ്മൾ പരിശ്രമിച്ചേക്കാം, പക്ഷേ ആദ്യം സിനഡ് പിതാക്കന്മാരുടെ സ്വരം ഞാൻ കേൾപ്പിക്കാം. അവർ സൂചിപ്പിച്ചു സിനഡിന്റെ ഘടന ലോകത്തിന്റെ അനേകം വ്യത്യസത പ്രദേശങ്ങളുടെ സാന്നിധ്യവും സംഭാവനയും ശ്രദ്ധയിൽപ്പെടുത്തുകയും നമ്മൾ സാർവത്രിക സഭയാണെന്നതിന്റെ സൗന്ദര്യം എടുത്തുകാട്ടുകയും ചെയ്തു. വളർന്നുവരുന്ന ആഗോളവൽക്കരണ സാഹചര്യത്തിൽ സാഹചര്യങ്ങളുടെയും സംസ്കാരങ്ങളുടെയുമായ ധാരാളം വൈവിധ്യങ്ങൾക്ക് ഓരോ രാജ്യങ്ങൾക്കകത്തുപോലും അർഹമായ വിധം ഊന്നൽ കൊടുക്കപ്പെടണമെന്ന് സിനഡ് പിതാക്കന്മാർ ആവശ്യപ്പെട്ടു. ഇന്നത്തെ യുവജനങ്ങളുടെ ലോകം വളരെ വിശാലമാണ്. അതുകൊണ്ടു തന്നെ ചില രാജ്യങ്ങളിൽ യുവജനങ്ങൾ എന്ന പദം തന്നെ ബഹു വചനത്തിൽ ഉപയോഗിക്കാൻ ആളുകൾ പ്രവണത കാട്ടുന്നു. സിനഡ് പരിഗണിച്ച യുവജനങ്ങളുടെ പ്രായ പരിധി തന്നെയും ഒരേ സ്വഭാവമുള്ള ഒരു ഗണമായി



പ്രതിനിധാനം ചെയ്യപ്പെടുന്നില്ല, പ്രത്യുത ഓരോന്നും അതിന്റേതായ ജീവിതാനുഭവങ്ങളുള്ള വ്യത്യസ്ത ഗ്രൂപ്പുകൾകൊണ്ട് രൂപവൽക്കരിക്കപ്പെട്ടതാണ്.

68. ജനസംഖ്യാവിജ്ഞാനീയത്തിന്റെ വീക്ഷണത്തിലും ചില രാജ്യങ്ങളിൽ ധാരളം യുവജനങ്ങളുണ്ട്, എന്നാൽ മറ്റു ചിലതിൽ വളരെ താഴ്ന്ന ജനന നിരക്കാണുള്ളത്. വേർതിരിവു വരുത്തുന്ന മറ്റൊരു ഘടകം ചരിത്രപരമാണ്. ലാഘവത്തോടുകൂടി തള്ളിക്കളയാൻ സാധ്യമല്ലാത്ത സ്മരണ നിലനിർത്തുന്ന സംസ്കാരത്തോടുകൂടിയ പരാതന ക്രിസ്തീയ പാരമ്പര്യങ്ങളും രാജ്യങ്ങളും ഭൂഖണ്ഡങ്ങളുമുണ്ട്. മറ്റു രാജ്യങ്ങളോ ഭൂഖണ്ഡങ്ങളോ ആകാട്ടെ മറ്റു മതപാരമ്പര്യങ്ങളുള്ളവയും ക്രിസ്തുമതം ഒരു ന്യൂനപക്ഷ സാന്നിധ്യം മാത്രമായുള്ളതും ചിലപ്പോൾ സമീപകാലത്താരംഭിച്ചതുമാണ്. മറ്റു ചിലയിടങ്ങളിൽ ക്രിസ്തീയ സമൂഹങ്ങളും, അവയിലംഗങ്ങചളിൽ, ക്രിസ്തീയ സമൂഹങ്ങളും,അവയിലംഗങ്ങളായ യുവജനങ്ങളും മത പീഡനം അനുഭവിക്കുന്നവരാണ്. ആഗോളവൽക്കരണം മൂലമുള്ളവവായിട്ടുള്ള വർദ്ധിച്ച അവസരങ്ങൾ ലഭിക്കുന്നവരായ യുവജനങ്ങളെയും,സമൂഹത്തിന്റെ അതിർവരമ്പുകളിലോ, ഗ്രാമപ്രദേശത്തോ ജീവിക്കുന്നവരും അവഗണിക്കപ്പെട്ടവരും പരിത്യക്തരുമായ യുവജനങ്ങളെയും തമ്മിൽ വേർതിരിച്ചു കാണേണ്ട ആവശ്യമുണ്ട്.

69. ഇവിടെ പരിശോധിക്കാൻ പ്രയാസമായ മറ്റു വളരെയധികം വ്യത്യാസങ്ങളും ഉണ്ട്. എങ്ങനെയാണെങ്കിലും ഇന്നത്തെ യുവജനങ്ങളെക്കുറിച്ചും അവരുടെ ജീവിതത്തെക്കുറിച്ചും അവരുടെ അനുഭവങ്ങളെക്കുറിച്ചും കുടുതൽ വിശദമായ ഒരു വിശകലനം ആവശ്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. അതേ സമയം ആ യാഥാർത്ഥ്യത്തെ അവഗണിക്കാൻ ഞാൻ ആഗ്രഹിക്കാത്തതുകൊണ്ട് സിനഡിനു മുൻപു കിട്ടിയ ചില വിവരങ്ങളും നമ്മുടെ സമ്മേള്ളനങ്ങളിൽ ഞൻ കേട്ട മറ്റു കാര്യങ്ങളും ഹ്രസ്വമായി ചുരുക്കി ഞാൻ അവതരിപ്പിക്കുകയാണ്.

*Continued.......*

**Hearty Congratulations to the New Bishops**

**Bishop Mar Jose Pulickal**



**Bishop of Kanjirapally**

**Msgr. Peter Kochupurackal**



**Newly Elected Bishop of Palghat**



## PRAYER FOR THE SUCCESS OF THE PLENARY ASSEMBLY OF CATHOLIC BISHOPS' OF INDIA

**13th- 19th February, 2020**

God our loving Father, you have sent your beloved Son Jesus Christ to us for our salvation. We know that He is with us always, even to the end of times. We pray to you to continue to inspire the hearts and minds of your faithful through the Holy Spirit to reveal your love, mercy and peace to all people everywhere and thus to renew your creation according to your Holy Will.

May our Bishops, the shepherds of your flock in India who will be gathering in Bengaluru for their Plenary Assembly in February 2020 experience once again the mighty outpouring of the Holy Spirit as they discuss the theme, "Dialogue". Assist and guide the Church in India that she may remain everfaithful to her calling to preach, witness and promote the values of the Gospel.

Mary, Mother of the Church, we entrust the upcoming Plenary Assembly of our Bishops in India to your powerful maternal intercession. May this gathering be a spring time of abundant blessings of your beloved Son Jesus for a morevibrant, evangelizing and participatory Church. Walk with us dear Mother on our pilgrim journey towards a deeper faith and ever courageous witness to the Gospel of your Son Jesus Christ Our Lord.

Amen.

✠ Cardinal Oswald Gracias
Archbishop of Bombay & President,
Catholic Bishops' Conference of India (CBCI)

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## ജനുവരി 2020

2 വൈകുന്നേരം ജ്ഞാനനിലയത്തിൽ വച്ച് പുതുവത്സരത്തോടനുബന്ധിച്ച് നടത്താറുള്ള താലൂക്കിലെ വി. ഐ. പി. സൗഹാർദ്ദ സമ്മേളനത്തിൽ പങ്കെടുത്തു.

3 വൈകുന്നേരം ഗോണിക്കോപ്പാൽ സെന്റ് തോമസ് സ്ക്കൂളിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

3 - 4 പുത്തൂർ മൈനർ സെമിനാരിക്കാരുമൊത്ത് ചിലവഴിച്ചു.

4 വൈകുന്നേരം കത്തീഡ്രൽ ഇടവക ദേവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

5 രാവിലെ കത്തീഡ്രൽ തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

7-15 സീറോ മലബാർ സഭയുടെ ബിഷപ്പ്സ് സിനഡിൽ പങ്കെടുത്തു.

16 കാക്കനാട് വച്ചു നടന്ന Vocation Commission മീറ്റിംഗിൽ പങ്കെടുത്തു.

20 രൂപതാ കേന്ദ്രത്തിലും ജ്ഞാനനിലയത്തിലുമുള്ള വൈദികരുമൊത്ത് മാസധ്യാനം നടത്തി.

21 ജ്ഞാനനിലയത്തിൽ വച്ച് നടന്ന വികാരിമാരുടെയും, പള്ളികണക്കൻമാരുടെയും പരിശീലന യോഗത്തിൽ പങ്കെടുത്തു.

22 സൗഹാർദ്ദ വേദികെ മീറ്റിംഗിൽ പങ്കെടുത്തു.

23-24 ബംഗളൂരുവിൽവച്ച് നടന്ന വചന പ്രഘോഷകർക്ക് വേണ്ടിയുള്ള ധ്യാനത്തിൽ സന്ദേശം നൽകി.

28 പേരഡ്ക്ക സിരിയന് ഓർത്തോഡോക്സ് സഭയുടെ കോർഎപ്പിസ്കോപ്പ ബഹു. പി. കെ. അബ്രാഹം അച്ചന്റെ സ്ഥാനാരോഹണ യോഗത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

29 വൈകുന്നേരം അത്തൂർ (കാർക്കള) സെന്റ് ലോറൻസ് തീർത്ഥാടന കേന്ദ്രത്തിൽ (ഉഡുപ്പി രൂപത) തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

30 രാവിലെ 9.45ന് ബെൽത്തംഗഡി ടൗണിൽ സൗഹാർദ്ദ വേദികെ യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ശാന്തി നടിഗെ' ക്ക് നേതൃത്വം നൽകി.



# Bishop's Diary

## February- 2020



| | |
|---|---|
| 1 | Venur : Parish Feast |
| 2 | Morning : Madanthyar |
| | Evening : Nellyady |
| 3 | Belthangady : New Priests' Gathering |
| 4-5 | Puttur : Minor Seminary |
| 6-7 | Engaged |
| 8 | Mantrady : Newly Built Church Blessing |
| 9 | Siddhapura (Kodagu) |
| 10 | Dharmasthala : Newly Built Convent Blessing |
| 11 | Jadkal |
| 12 | Bangalore |
| 13-19 | Bangalore : CBCI |
| 22 | KSMCA |
| 23 | Mysore |
| 24 | Belthangady : Cathedral Church |
| 25-29 | Out of Station |